കേരളാ ടൈംസ്

നവംബർ 2025 സപ്ലിമെന്റ്

OCTOBER 2025 | WWW.KERALATIMES.COM | news@keralatimes.com

“നവംബർ 14: ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനത്തിന്റെ ചരിത്രപ്രാധാന്യം ഓർമ്മിപ്പിച്ച് പോൾ കറുകപ്പിള്ളിൽ”



പോൾ കറുകപ്പിള്ളിൽ
(കേരളാ ടൈംസ് മാനേജിംഗ് എഡിറ്റർ)


കേരളാ ടൈംസ് മാനേജിംഗ് എഡിറ്റർ പോൾ കറുകപ്പിള്ളിൽ നവംബർ 14-ന് ആചരിക്കുന്ന ജവഹർലാൽ നെഹ്റുവിന്റെ ജന്മദിനത്തെക്കുറിച്ച് സംസാരിക്കുമ്പോൾ, ദേശീയ ജീവിതത്തെ ആഴത്തിൽ സ്വാധീനിച്ച ഒരു നേതാവിനെ വീണ്ടും ഓർക്കേണ്ട സമയം ഇതാണെന്ന് അഭിപ്രായപ്പെട്ടു. ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രിയായ നെഹ്റുവിന്റെ ജനനദിനം രാജ്യത്ത് ബാലദിനമായി ആചരിക്കപ്പെടുന്നത് കുട്ടികളോടുള്ള അദ്ദേഹത്തിന്റെ അതിയായ സ്നേഹത്തെയും കരുതലിനെയും സ്മരിപ്പിക്കുന്നതാണെന്ന് അദ്ദേഹം പറഞ്ഞു.

പോൾ കറുകപ്പിള്ളിൽ അഭിപ്രായപ്പെട്ടു: സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ രൂപകല്പനയിൽ നെഹ്റു വഹിച്ച പങ്ക് അസാധാരണമാണ്. ശാസ്ത്രസാങ്കേതിക മേഖലയിലും, വ്യവസായ വികസനത്തിലും, വിദ്യാഭ്യാസ പുരോഗതിയിലും, വിദേശനയങ്ങളുടെ രൂപവത്കരണത്തിലും അദ്ദേഹം India’s modern vision മുന്നോട്ട് കൊണ്ടുപോയതിനെ അദ്ദേഹം പാർപ്പിച്ചു. രാജ്യത്തിന്റെ ഭാവി തലമുറകളെ ശക്തിപ്പെടുത്തണമെങ്കിൽ നെഹ്റു മുന്നോട്ടുവെച്ച സിദ്ധാന്തങ്ങളും ബഹുസ്വരതയോടുള്ള അദ്ദേഹത്തിന്റെ സമീപനവും മനസിലാക്കേണ്ടത് അനിവാര്യമാണെന്ന് കറുകപ്പിള്ളിൽ പറഞ്ഞു.

കുട്ടികളുടെ ഭാവിയിലേക്ക് നിക്ഷേപം നടത്തണമെന്ന് നെഹ്റു സ്ഥിരമായി ആവർത്തിച്ചിരുന്നതായി അദ്ദേഹം ഓർമിപ്പിച്ചു. “കുട്ടികൾ ഇന്നിന്റെ ഇന്ത്യയുടെ ഭാവിയാണ്. അവർക്ക് വിദ്യാഭ്യാസവും മൂല്യങ്ങളും അവസരങ്ങളും ഉറപ്പാക്കുക നാളെയുടെ സംരംഭമാണ്,” എന്ന നെഹ്റുവിന്റെ ആശയം ഇന്നും പ്രസക്തമാണെന്ന് കറുകപ്പിള്ളിൽ ചൂണ്ടിക്കാട്ടി. ഡിജിറ്റൽ കാലത്തിലേക്ക് കടന്നുപോകുന്ന ഇന്ത്യയിൽ കുട്ടികളുടെ മാനസിക വളർച്ച, സാങ്കേതിക കൈവരിച്ചൽ, ശാസ്ത്രീയ ദൃഷ്ടികോണം എന്നിവക്ക് കൂടുതൽ പ്രാധാന്യം നൽകേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

ഇത്തരം ദിനങ്ങൾ ഒരു ആഘോഷമാത്രമല്ല, മറിച്ച് ചരിത്രം തിരിച്ചറിയാനും നേതാക്കളെ മനസ്സിലാക്കാനും പുതിയ തലമുറയെ പ്രചോദിപ്പിക്കാനുമുള്ള അവസരങ്ങളാണെന്ന് പോൾ കറുകപ്പിള്ളിൽ അഭിപ്രായപ്പെട്ടു. സഭ, വിദ്യാഭ്യാസസ്ഥാപനങ്ങൾ, സാംസ്കാരിക സംഘടനകൾ എന്നിവ ഒത്തൊരുമിച്ച് നെഹ്റുവിന്റെ സന്ദേശങ്ങളും പാതയും പുതുതലമുറയിലേക്ക് എത്തിക്കണം എന്നായിരുന്നു അദ്ദേഹത്തിന്റെ ആഹ്വാനം.

ജവഹർലാൽ നെഹ്റുവിന്റെ ജന്മവാർഷികം രാജ്യത്ത് വിവിധ പരിപാടികളിലൂടെ ആചരിക്കപ്പെടുമ്പോൾ, ഇന്ത്യയുടെ പുരോഗതിക്കും ജനാധിപത്യത്തിനും വേണ്ടി നെഹ്റു നടത്തിയ ആത്മാർത്ഥ പരിശ്രമം വീണ്ടും ഓർമ്മിക്കപ്പെടേണ്ടതുണ്ടെന്ന് കറുകപ്പിള്ളിൽ കൂട്ടിച്ചേർത്തു.



ന്യൂയോർക് ബ്ലഡ് സെന്റർ ബ്ലഡ് ഡൊണേഷൻ ക്യാമ്പ്

















Blood Drive








Your blood
saves
lives

നവംബർ 2025 സപ്ലിമെൻറ്

നന്ദിയുടെ നാൾ: ബന്ധങ്ങളുടെ പുണ്യനിമിഷങ്ങൾ



ന്യൂയോർക്കിന്റെ വെളിച്ചങ്ങളും തിരക്കുകളും നിറഞ്ഞ ജീവിതത്തിലൂടെ നടന്ന് പോകുമ്പോൾ, നാടിന്റെ മണമുമുയർന്ന മലയാളി മനസ്സിനെ ഞങ്ങൾ വളർത്തിക്കൊണ്ടിരിക്കുന്നതാണ്. ഇന്ന്, ഈ പ്രത്യേക Thanks Giving ദിനത്തിൽ — നന്ദിയും അനുഗ്രഹങ്ങളും പരസ്പരം പങ്കിടുന്ന ഈ ധ്യാനമൂല്യമുള്ള നിമിഷത്തിൽ — ഞങ്ങളോടൊപ്പം നിന്ന എല്ലാ സുഹൃത്തുക്കൾക്കും, സഹപ്രവർത്തകർക്കും, കുടുംബാംഗങ്ങൾക്കും, ദർശകരും വായനക്കാരും ഉൾപ്പെടെ കേരള ടൈംസിന്റെ വിശാലമായ കുടുംബത്തിനും ഹൃദയപൂർവം നന്ദി അറിയിക്കുന്നു.

ജീവിതയാത്രയിൽ ഒരുമിച്ച് ചവിട്ടുന്ന ഓരോ ചുവടും നമ്മെ ഒരുപാട് പുതുമകൾ പഠിപ്പിക്കുന്നു — ചിലത് സന്തോഷകരം, ചിലത് വെല്ലുവിളികളാൽ നിറഞ്ഞത്. പക്ഷേ അതിലൊക്കെ ഒരുപോലെ നൽകുന്ന ഒരു ആഴമുള്ള പാഠമുണ്ട്: മനുഷ്യബന്ധങ്ങളുടെ സ്നേഹവും കരുത്തും തന്നെയാണ് നമുക്ക് ഏറ്റവും വലിയ അഭയം. നമ്മോടൊപ്പം ചേർന്ന്, ധൈര്യം പകർന്നു, പിന്തുണ നൽകി, ഞങ്ങളെ കൂടുതൽ ശക്തരാക്കി മുന്നോട്ട് നയിച്ച എല്ലാ ബന്ധങ്ങൾക്കും നമുക്ക് നന്ദി പറയേണ്ട ദിനമാണിത്.

രാജ്യങ്ങൾ, ഭാഷകൾ, ഭൂഖണ്ഡങ്ങൾ എന്നിങ്ങനെ നമ്മെ വേർതിരിക്കാം — പക്ഷേ ബന്ധത്തിന്റെ മാതൃക അത്ര എളുപ്പം മാറ്റാനാവില്ല. വിദേശത്ത് കഴിയുന്ന മലയാളിയും നാടിൽ കഴിയുന്ന മലയാളിയും ഒരുപോലെ ഈ ദിനം ആഘോഷിക്കുന്നു. നന്ദിയുടെ ഭാഷ ഒരേ — മനുഷ്യസ്നേഹത്തിന്റെ, കരുണയുടെ, സഹാനുഭൂതിയുടെ, പരസ്പരം ഉയർത്തിപ്പിടിക്കുന്ന മനുഷ്യഹൃദയങ്ങളുടെ ഒരു സംസ്കാരം.

ഈ നന്ദി ദിനത്തിൽ, നമുക്കെല്ലാവർക്കും പുതിയൊരു വർഷത്തിലേക്ക് കൂടുതൽ സന്തോഷവും ആരോഗ്യവും സമാധാനവും സമൃദ്ധിയും നിറഞ്ഞ അനുഗ്രഹങ്ങൾ ലഭിക്കട്ടെ. മുമ്പോട്ടുള്ള ഓരോ പടിയും ആത്മവിശ്വാസം പകർന്നും പ്രത്യാശയാൽ ചൂടുള്ളതുമായിരിക്കട്ടെ.

ജീവിതം നമുക്ക് സമ്മാനിച്ച ഓരോ അവസരത്തിനുമൊരിക്കൽ കൂടി നന്ദിയും സ്നേഹവും .

ഏവർക്കും കേരള ടൈംസിന്റെ ഹൃദയംഗമമായ Thanks Giving ദിനാശംസകൾ!

ആദരപൂർവ്വം,
പോൾ കറുകപ്പിള്ളിൽ



നവംബർ 2025 സപ്ലിമെൻറ്







MTA

MTA RETRIEES FAMILY GET TOGETHER







നവംബർ 2025 സപ്ലിമെൻറ്

Privileged to visit Bishop Joy Alappatt at Bishop's House







SOME MOMENTS WITH COMA TEAM , COLUMBUS



നവംബർ 2025 സപ്ലിമെൻറ്

Such a great meeting with my long time friend and very powerful South Asian Community leader who is always ready to help the community Dilip Chauhan.



An Evening with Sri.Gopinath Muthukad at.St.Thomas Orthodox Cathedral, Houston









നവംബർ 2025 സപ്ലിമെൻറ്

കനേഡിയൻ പൗരത്വ നിയമത്തിൽ പരിഷ്കരണം: വിദേശത്ത് ജനിച്ചവരുടെ മക്കൾക്ക് ആശ്വാസം.



ഓട്ടവ: വംശാവലി അടിസ്ഥാനമാക്കിയുള്ള കനേഡിയൻ പൗരത്വ നിയമത്തിൽ സുപ്രധാന പരിഷ്കാരങ്ങൾ വരുത്തിക്കൊണ്ട് കാനഡ. വിദേശത്ത് ജനിച്ചതോ ദത്തെടുത്തതോ ആയ കുട്ടികൾക്ക് പൗരത്വം നേടാൻ അവസരം നൽകുന്ന ബിൽ സി-3 സർക്കാർ അവതരിപ്പിച്ചു.

ഈ പുതിയ വ്യവസ്ഥ പ്രകാരം, കുട്ടിയുടെ ജനനത്തിനോ ദത്തെടുക്കലിനോ മുമ്പ് കുറഞ്ഞത് 1,095 ദിവസം (ഏകദേശം 3 വർഷം) കാനഡയിൽ താമസിച്ചിട്ടുള്ള കനേഡിയൻ രക്ഷിതാക്കളുടെ വിദേശത്ത് ജനിച്ച കുട്ടികൾക്ക് പൗരത്വം ലഭിക്കും.

2009-ലെ നിയമം കാരണം പൗരത്വം നിഷേധിക്കപ്പെട്ട വിദേശത്ത് ജനിച്ച കനേഡിയൻ പൗരന്മാരുടെ മക്കൾ ഉൾപ്പെടെ നിരവധി കുടുംബങ്ങൾക്ക് ഇത് ഗുണം ചെയ്യും. ഇന്ത്യൻ പ്രവാസികൾ ഉൾപ്പെടെയുള്ളവർക്ക് ഈ മാറ്റം ഏറെ ആശ്വാസകരമാകും.

2023 ഡിസംബറിൽ ഒന്റാറിയോ സുപ്പീരിയർ കോടതി നിലവിലെ വ്യവസ്ഥ ഭരണഘടനാ വിരുദ്ധമാണെന്ന് വിധിച്ചതിനെ തുടർന്നാണ് സർക്കാർ ഈ നടപടി സ്വീകരിച്ചത്.പുതിയ ബില്ല് യു.എസ്, യുകെ തുടങ്ങിയ രാജ്യങ്ങളിലെ പൗരത്വ സമ്പ്രദായങ്ങളുമായി സാമ്യമുള്ളതാണ്.

എക്കോ ഫാമിലി നൈറ്റ് പ്രൗഢഗംഭീരമായി നടത്തപ്പെട്ടു; ഡോ. ബേബി സാം ശാമുവേലിന് ഹ്യുമാനിറ്റേറിയൻ അവാർഡ് സമ്മാനിച്ചു





ന്യൂയോർക്ക്: ലോങ്ങ് ഐലൻഡ് ന്യൂഹൈഡ് പാർക്ക് കേന്ദ്രീകൃതമായി കഴിഞ്ഞ പന്ത്രണ്ട് വർഷമായി പ്രവർത്തിക്കുന്ന എക്കോ (echo – enhance community through harmonious outreach) എന്ന ചാരിറ്റി സംഘടനയുടെ 2025-ലെ വാർഷിക ഫാമിലി ഡിന്നർ ആൻഡ് അവാർഡ് നൈറ്റ് ബെത്പേജിൽ പ്രൗഢഗംഭീരമായി നടത്തപ്പെട്ടു. സമൂഹത്തിലെ ക്ഷണിക്കപ്പെട്ട സാമൂഹിക സാംസ്കാരിക രാഷ്ട്രീയ നേതാക്കളുടെയും വിശിഷ്ട വ്യക്തികളുടെയും എക്കോ കുടുംബാംഗങ്ങളുടെയും മഹനീയ സാന്നിദ്ധ്യത്തിൽ 2025-ലെ എക്കോ ഹ്യുമാനിറ്റേറിയൻ അവാർഡ് (echo humanitarian award) എക്കോ ചെയർമാനും എക്സിക്യൂട്ടീവ് ഡയറക്ടറുമായ ഡോ. തോമസ് മാത്യു അവാർഡ് ജേതാവ് ഡോ. ബേബി സാം ശാമുവേലിന് സമ്മാനിച്ചു.

കേരളത്തിലെ വിവിധ ജില്ലകളിലായി ആയിരക്കണക്കിന് നിർധനർക്ക് ദിവസവും ഒരുനേരത്തെ ഭക്ഷണം നൽകുന്ന “അഞ്ചപ്പം ചാരിറ്റബിൾ ട്രസ്റ്റ്” പ്രസിഡന്റും പ്രശസ്ത പ്രഭാഷകനും കോർപ്പറേറ്റ് പരിശീലകനും മനുഷ്യസ്നേഹിയും ന്യൂയോർക്ക് സിറ്റി ഡിപ്പാർട്മെൻറ് ഓഫ് സിറ്റിവൈഡ് അഡ്മിനിസ്ട്രേഷൻ സർവ്വീസസ് (nyc dcas) ഡയറക്ടറുമായ വ്യക്തിയാണ് അവാർഡ് ജേതാവായ ഡോ. ബേബി സാം ശാമുവേൽ. 2,500 ഡോളറും പ്രശംസാഫലകവുമാണ് അവാർഡായി എക്കോ നൽകിയത്. ഇതിൽ പ്രശംസാഫലകം എക്കോ എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. തോമസ് മാത്യുവും ക്യാഷ് അവാർഡ് 2,500 ഡോളർ എക്കോ പ്രോഗ്രാം ഡയറക്ടർ സാബു ലൂക്കോസും സഹധർമ്മിണി ജയയും ചേർന്ന് ഡോ. ബേബി സാമിന് നൽകുകയും ചെയ്തു.

മായാജാലത്തിൽ അത്ഭുതങ്ങൾ സൃഷ്ടിച്ച ലോകപ്രശസ്ത മാന്ത്രികൻ പ്രൊഫ. ഗോപിനാഥ് മുതുകാട് ചടങ്ങിൽ മുഖ്യാതിഥിയായി മുഖ്യ പ്രഭാഷണം നടത്തി. “എക്കോ എന്ന വാക്കിന്റെ മലയാള പദം പ്രതിധ്വനി എന്നാണ്. നാം എന്ത് കൊടുക്കുന്നുവോ അത് തിരികെ പ്രതിധ്വനിയായി നമുക്ക് ലഭിക്കുന്നു. ഒരു പൂവ് മുകളിലേക്കെറിഞ്ഞാൽ പൂവ് താഴേക്ക് പതിക്കുന്നു. ഒരു കല്ല് നാം മുകളിലേക്കെറിഞ്ഞാൽ കല്ല് താഴേക്ക് പതിക്കുന്നു. അതാണ് എക്കോ എന്ന സംഘടനയും ചെയ്യുന്നത്. എക്കോ കാരുണ്യം പകർന്ന് നൽകുന്നു. എക്കോയിലേക്ക് കാരുണ്യം ഒഴുകിയെത്തുന്നു. എക്കോയുടെ പ്രവർത്തനങ്ങൾക്കെല്ലാവിധ ആശംസകളും നേരുന്നു.” പ്രൊഫ. മുതുകാട് തന്റെ പ്രഭാഷണത്തിൽ പറഞ്ഞു.

എക്കോയുടെ അഭ്യുദയകാംക്ഷികളായ നൂറുകണക്കിന് സുഹൃത്തുക്കളാണ് ഡിന്നർ മീറ്റിംഗിൽ പങ്കെടുത്തത്. echo-യുടെ സ്വപ്ന പദ്ധതിയായ സീനിയർ ഡേ കെയറിന് ആവശ്യമായ ഫണ്ട് ശേഖരിക്കുന്നതിനുകൂടിയാണ് ഡിന്നർ മീറ്റിംഗ് സംഘടിപ്പിച്ചത്. ലോങ്ങ് ഐലൻഡ് ഭാഗത്തെ തെരഞ്ഞെടുക്കപ്പെട്ട രാഷ്ട്രീയ ജനപ്രതിനിധികൾ പലരും ചടങ്ങിൽ പങ്കെടുത്തു. നോർത്ത് ഹെംപ്സ്റ്റഡ് ടൗൺ സൂപ്പർവൈസർ ജെന്നിഫർ ഡിസേന, ടൗൺ ക്ലാർക്ക് രാഗിണി ശ്രീവാസ്തവ, മുൻ സ്റ്റേറ്റ് സെനറ്റർ കെവിൻ തോമസ്, ന്യൂയോർക്ക് സ്റ്റേറ്റ് ഗവർണർ കാത്തി ഹോക്കിളിന്റെ നസ്സോ കൗണ്ടി പ്രതിനിധി ജോയി റെമറീസ്, കൗണ്ടി ലെജിസ്ളേറ്റർമാർ തുടങ്ങി നിരവധി രാഷ്ട്രീയ നേതാക്കൾ ചടങ്ങിൽ പങ്കെടുത്ത് ആശംസകൾ അർപ്പിച്ചു. പ്രോഗ്രാം ഡയറക്ടർ സാബു ലൂക്കോസ് പങ്കെടുത്ത ഏവരെയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. എക്സിക്യൂട്ടീവ് ഡയറക്ടർ ഡോ. തോമസ് മാത്യു അദ്ധ്യക്ഷ പ്രസംഗം നടത്തി. ഒപ്പേറഷൻസ് ഡയക്ടർ ബിജു ചാക്കോ അവാർഡ് ജേതാവ് ഡോ. ബേബി സാം ശാമുവേലിനെ സദസ്സിന് പരിചയപ്പെടുത്തി.

ബെത്പേജിലെ സ്റ്റെർലിങ് ബാങ്ക്വറ്റ് ഹോളിൽ വച്ച് നടത്തപ്പെട്ട ചടങ്ങിൽ സീനിയർ വെൽനെസ്സ് പ്രോഗ്രാമിന് നേതൃത്വം നൽകുന്നവരെ ആദരിച്ചു. പങ്കെടുത്ത ഏവർക്കും വിഭവ സമൃദ്ധമായ അത്താഴ വിരുന്നിനൊപ്പം കലാവേദി പ്രസിഡൻറ് സിബി ഡേവിഡിന്റെ നേതൃത്വത്തിൽ വിവിധ ഗായകർ നയിച്ച മനോഹര ഗാനസന്ധ്യയും സമർപ്പിച്ചു. എക്കോ ഡയറക്ടർ ബോർഡ് അംഗമായിരുന്ന അകാലത്തിൽ പൊലിഞ്ഞു പോയ സോളമൻ മാത്യുവിൻറെ പേരിലുള്ള സംഭാവന മുഖ്യാതിഥി പ്രൊഫ. ഗോപിനാഥ് മുതുകാടിൻറെ ഭിന്നശേഷിക്കാർക്കായുള്ള ഡിഫറൻറ് ആർട്സ് സെന്ററിന് സോളമൻറെ മകൾ നൽകി. എക്കോയുടെ പേരിലുള്ള ഗ്ലോബൽ എക്സല്ലെൻസ് അവാർഡും മുതുകാടിന് സമ്മാനിച്ചു. എക്കോ സീനിയർ അസ്സോസിയേറ്റ് ഡയറക്ടർ തോമസ് എം. ജോർജ് പങ്കെടുത്ത ഏവർക്കും കൃതജ്ഞത അർപ്പിച്ചു.

നവംബർ 2025 സപ്ലിമെൻറ്

ഗോപീനാഥ് മുതുകാട് താങ്ക്സ് ഗിവിംഗ് ആഘോഷത്തിൽ പങ്കെടുത്തു



ന്യു യോർക്ക്: മജീഷ്യനും ചാരിറ്റി പ്രവർത്തകനുമായ ഗോപിനാഥ് മുതുകാട് റോക്ക് ലാൻഡിൽ താങ്ക്സ് ഗിവിംഗ് ആഘോഷത്തിൽ പങ്കെടുത്തു. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ കാസർകോട് ആരംഭിക്കുന്ന ഭിന്നശേഷിക്കാർക്ക് വേണ്ടിയുള്ള പ്രോജക്ടിന് 20 ഏക്കർ സ്ഥലം വാങ്ങി നൽകിയ പ്രൊഫ. എം.ടി. ലൂക്കയുടെ ഭാര്യ ലാലിയും പുത്രനും അടക്കം ഒട്ടേറെ പേർ പങ്കെടുത്തു.

കോങ്കേഴ്സിൽ നോഹ ജോർജിന്റെ ഉടമസ്ഥതയിലുള്ള ഗ്ലോബൽ സെന്ററിൽ താങ്ക്സ്ഗിവിംഗ് ദിനത്തിൽ നടന്ന ചടങ്ങിൽ മുതുകാട് ടർക്കി മുറിക്കുകയും മറ്റുള്ളവർക്ക് നൽകുകയും ചെയ്തു. താങ്ക്സ് ഗിവിംഗ് ആഘോഷത്തിൽ പങ്കെടുക്കണമെന്നത് പണ്ടേയുള്ള ആഗ്രഹമാണെങ്കിലും അത് സഫലമായത് ഇപ്പോഴാണെന്ന് അദ്ദേഹം പറഞ്ഞു.

കാസർകോട് ആയിരത്തോളം ഭിന്നശേഷിക്കാരെ സംരക്ഷിക്കുകയും അവരുടെ കഴിവുകൾ കണ്ടെത്തുകയുമെന്നുള്ള ലക്ഷ്യമിടുന്ന ഇൻസ്റ്റിറ്റിയൂട്ടിന്റെ പണി ധൃതഗതിയിൽ നടക്കുകയാണ്. അതിനു തുടക്കം കുറിച്ച ലൂക്ക സാറിന്റെ പേര് സെന്ററിന് നൽകും. ആരൊക്കെ അപവാദങ്ങൾ പറഞ്ഞാലും ഈ നല്ല ലക്ഷ്യത്തിൽ നിന്ന് പിന്മാറരുതെന്നാണ് അദ്ദേഹം ആവശ്യപ്പെട്ടത്.

തിരുവനന്തപുരത്തെ ഡിഫറൻറ് ആർട്ട് സെന്ററിനും മറ്റു ചാരിറ്റി പ്രവർത്തനങ്ങൾക്കും ഫൊക്കാനയും പോൾ കറുകപ്പിള്ളിയും ചെയ്യുന്ന സേവനങ്ങളും അദ്ദേഹം എടുത്തു പറഞ്ഞു. ഏറെ ത്യാഗങ്ങളാണ് പോൾ കറുകപ്പിള്ളി ഇതിനായി ചെയ്തുകൊണ്ടിരിക്കുന്നത്. കോവിഡ് കാലത്ത് അദ്ദേഹം മുൻകൈയെടുത്ത് ഫൊക്കാനയിൽ നിന്ന് കിട്ടിയ സഹായം മറക്കാനാവില്ല.

കാസർകോട് 120 കോടിയുടെ പ്രോജക്ടാണ്. അതിന്റെ ധനസമാഹരണത്തിനായി അടുത്ത മാർച്ചോടെ അമേരിക്കയിൽ വിവിധ കേന്ദ്രങ്ങളിൽ മാജിക്ക് അടക്കമുള്ള ഷോ സംഘടിപ്പിക്കുന്നുണ്ട്. അതിനു എല്ലാവരുടെയും പിന്തുണ ഉണ്ടാവണമെന്നും അദ്ദേഹം പറഞ്ഞു.

ജോർജ് ജോൺ കല്ലൂർ മുതുകാടിന്റെ സേവനങ്ങൾ ചൂണ്ടിക്കാട്ടി ആമുഖ പ്രസംഗം നടത്തി. പോൾ കറുകപ്പള്ളി, നോഹ ജോർജ് എന്നിവർ നേതൃത്വം നൽകി.


ചടങ്ങിൽ പലരും സെന്ററിന് വേണ്ടി 5000 ഡോളർ വരെയുള്ള സംഭാവനകൾ നൽകി. പോൾ കറുകപ്പിള്ളിൽ, ഗ്ലോബൽ കൊളീഷൻ, സോമി പടന്നമാക്കൽ, നോഹ ജോർജ്ജ്, ജോർജ് ജോൺ, സ്റ്റാൻലി ജോൺ, സെഞ്ച്വറി 21 റിയൽ, അജു ഡാനിയേൽ, രാജൻ ചാക്കോ തുടങ്ങിയവർ സംഭവബകൾ നൽകിയവരിൽ ഉൾപ്പെടുന്നു.

വെനസ്വേലൻ വ്യോമാതിർത്തി അടച്ചതായി ട്രംപ്



വാഷിംഗ്ടൺ : വെനസ്വേലയുടെ മുകളിലുള്ളതും ചുറ്റുമുള്ളതുമായ വ്യോമാതിർത്തി പൂർണ്ണമായും 'അടച്ചതായി' കണക്കാക്കണമെന്ന് യുഎസ് പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പ്രഖ്യാപിച്ചു. എന്നാൽ, ഈ നീക്കം സംബന്ധിച്ച് കൂടുതൽ വിവരങ്ങൾ അദ്ദേഹം നൽകിയില്ല.
വെനസ്വേലൻ പ്രസിഡന്റ് നിക്കോളാസ് മഡൂറോയുടെ സർക്കാരിനേലുള്ള സമ്മർദ്ദം വർദ്ധിപ്പിക്കുന്നതിനിടെയാണ് ട്രംപിന്റെ ഈ അപ്രതീക്ഷിത പ്രഖ്യാപനം.

"എല്ലാ എയർലൈനുകൾക്കും, പൈലറ്റുമാർക്കും, മയക്കുമരുന്ന് കടത്തുകാർക്കും, മനുഷ്യക്കടത്തുകാർക്കും, വെനസ്വേലയുടെ മുകളിലുള്ളതും ചുറ്റുമുള്ളതുമായ വ്യോമാതിർത്തി പൂർണ്ണമായും അടച്ചതായി കണക്കാക്കുക," എന്നാണ് ട്രംപ് സോഷ്യൽ മീഡിയയിൽ കുറിച്ചത്.
ഈ പ്രഖ്യാപനത്തെക്കുറിച്ച് തങ്ങൾക്ക് അറിയില്ലെന്നും ഇത് നടപ്പിലാക്കാൻ യുഎസ് സൈന്യം എന്തെങ്കിലും ഓപ്പറേഷൻ നടത്തുന്നുണ്ടോ എന്നതിനെക്കുറിച്ച് ബോധ്യമില്ലെന്നും യുഎസ് ഉദ്യോഗസ്ഥർ റോയിട്ടേഴ്സിനോട് പറഞ്ഞു.
ട്രംപിന്റെ പ്രസ്താവനയെ വെനസ്വേലൻ സർക്കാർ അപലപിച്ചു. ഇത് രാജ്യത്തിന്റെ പരമാധികാരത്തിനെതിരായ 'കൊളോണിയൽ ഭീഷണി'യാണെന്നും അന്താരാഷ്ട്ര നിയമങ്ങൾക്ക് വിരുദ്ധമാണെന്നും അവർ പറഞ്ഞു.
യുഎസ് ഫെഡറൽ ഏവിയേഷൻ അഡ്മിനിസ്ട്രേഷൻ (faa) മുന്നറിയിപ്പ് നൽകിയതിനെ തുടർന്ന് രാജ്യത്തേക്കുള്ള സർവീസുകൾ നിർത്തിവെച്ച ആറ് പ്രധാന അന്താരാഷ്ട്ര എയർലൈനുകളുടെ ഓപ്പറേറ്റിംഗ് അവകാശങ്ങൾ വെനസ്വേല അടുത്തിടെ റദ്ദാക്കിയിരുന്നു.
വെനസ്വേലയിൽ മയക്കുമരുന്ന് കടത്ത് തടയാനായി കരമാർഗമുള്ള ഓപ്പറേഷനുകൾ ഉടൻ ആരംഭിക്കുമെന്ന് ട്രംപ് ഈ ആഴ്ച ആദ്യം സൂചിപ്പിച്ചിരുന്നു.



"എന്റെ ഹൃദയം നുറുങ്ങുന്നു" ഡാളസ്സിലെ നൈജീരിയൻ വൈദികൻ"

ഡാളസ്(ടെക്സസ്): നൈജീരിയയിലെ ക്രിസ്ത്യൻ സമൂഹങ്ങൾക്കെതിരെ വർധിച്ചുവരുന്ന ആക്രമണങ്ങളെക്കുറിച്ചും തട്ടിക്കൊണ്ടുപോകലുകളെക്കുറിച്ചും ഡാളസ്സിൽ സേവനം ചെയ്യുന്ന ഒരു നൈജീരിയൻ കത്തോലിക്കാ വൈദികനായ ഫാ. ജോസഫ് ഷെക്കാരിയുടെ വാക്കുകൾ ശ്രദ്ധേയമാകുന്നു. "ഇത് എന്റെ ഹൃദയം നുറുക്കുന്നു" എന്ന് അദ്ദേഹം വേദനയോടെ പറഞ്ഞു.
കഴിഞ്ഞ ആഴ്ച വടക്കുപടിഞ്ഞാറൻ നൈജീരിയയിലെ ഒരു കത്തോലിക്കാ സ്കൂളിൽ നിന്ന് തട്ടിക്കൊണ്ടുപോയ നൂറുകണക്കിന് വിദ്യാർത്ഥിനികളിൽ 24 പേരെ രക്ഷപ്പെടുത്തി.

നൈജീരിയയിൽ തട്ടിക്കൊണ്ടുപോകലുകൾ, അക്രമങ്ങൾ, മതവിഭാഗങ്ങൾക്കെതിരായ (പ്രത്യേകിച്ച് ക്രിസ്ത്യാനികൾക്കെതിരായ) ആക്രമണങ്ങൾ എന്നിവ വർധിച്ചു വരികയാണ്.
ഫാ. ഷെക്കാരിയെ 2022 ഫെബ്രുവരിയിൽ സ്വന്തം ഇടവകയിൽ വെച്ച് തട്ടിക്കൊണ്ടുപോയിരുന്നു. മോചനദ്രവ്യം നൽകിയ ശേഷമാണ് അദ്ദേഹത്തെ വിട്ടയച്ചത്. തന്നെ രക്ഷിക്കാൻ ശ്രമിച്ച ഒരു പള്ളി ജീവനക്കാരൻ അന്ന് വെടിയേറ്റ് മരിച്ചു.

"ഞങ്ങൾ ഭയത്തിലാണ് ജീവിക്കുന്നത്. അജ്ഞാതമായതിനെക്കുറിച്ചുള്ള ഭയം. ക്രിസ്ത്യാനികൾക്ക് ഇത് എളുപ്പമുള്ള കാര്യമല്ല," ഫാ. ഷെക്കാരി പറഞ്ഞു.

നൈജീരിയയിലെ ഈ പ്രതിസന്ധിക്ക് യു.എസ്. ഉദ്യോഗസ്ഥരിൽ നിന്ന് വർധിച്ചുവരുന്ന ശ്രദ്ധ ലഭിക്കുന്നുണ്ട്.
ഭീഷണികൾക്കിടയിലും നൈജീരിയൻ ക്രിസ്ത്യാനികൾ വിശ്വാസത്തിൽ ഉറച്ചുനിൽക്കുന്നുണ്ടെന്നും, ആയുധങ്ങൾ കൊണ്ടല്ല, പ്രാർത്ഥനയിലൂടെയാണ് സഭ ഇതിനെ നേരിടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
വൈദികൻ തന്റെ മാതാപിതാക്കളും സഹോദരങ്ങളും ഇപ്പോഴും താമസിക്കുന്ന നൈജീരിയയിലേക്ക് തിരിച്ചുപോകാൻ ആഗ്രഹിക്കുന്നുണ്ടെങ്കിലും, അത് സുരക്ഷിതമായിരിക്കുന്നത് എപ്പോഴായിരിക്കുമെന്ന് അദ്ദേഹത്തിന് അറിയില്ല.

നവംബർ 2025 സപ്ലിമെൻറ്

ഫ്ലോറിഡ ഗവർണർ പോര്: ട്രംപിന്റെ സ്ഥാനാർത്ഥി ബൈറോൺ ഡൊണാൾഡ്സിനെതിരെ റിപ്പബ്ലിക്കൻ വിമർശനം.

ടാലഹാസി (ഫ്ലോറിഡ): അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് പിന്തുണച്ച ഫ്ലോറിഡ ഗവർണർ സ്ഥാനാർത്ഥി ബൈറോൺ ഡൊണാൾഡ്സിനെതിരെ (Byron Donalds) റിപ്പബ്ലിക്കൻ പാർട്ടിയിൽ എതിർപ്പും പുതിയ വെല്ലുവിളികളും ഉയരുന്നു.

ട്രംപിന്റെ പിന്തുണ ഉണ്ടായിട്ടും ഡൊണാൾഡ്സിന് ലളിതമായ വിജയം ഉറപ്പിക്കാനായിട്ടില്ല.

പദവി ഒഴിയുന്ന ഗവർണർ റോൺ ഡിസാന്റിസിന്റെ (Ron DeSantis) സഖ്യകക്ഷികൾ ഉൾപ്പെടെയുള്ളവർ ഡൊണാൾഡ്സിനെതിരെ രൂക്ഷ വിമർശനങ്ങളുമായി രംഗത്തെത്തുന്നു.

ഡിസാന്റിസ് പരസ്യമായി ആരെയും പിന്തുണയ്ക്കാത്തത് മത്സരത്തിൽ കൂടുതൽ നാടകീയത കൂട്ടുന്നു.
നിലവിൽ ഡൊണാൾഡ്സ് മറ്റ് റിപ്പബ്ലിക്കൻ സ്ഥാനാർത്ഥികളെക്കാൾ അഭിപ്രായ സർവേകളിൽ മുന്നിട്ടുനിൽക്കുന്നുണ്ടെങ്കിലും, പ്രൈമറി മത്സരം കടുപ്പമേറിയതും പ്രവചനാതീതവുമാണ് എന്നാണ് വിലയിരുത്തൽ.



അഫ്ഗാൻ പാസ്പോർട്ട് ഉടമകൾക്ക് വിസ നിർത്തിവെച്ച് യു.എസ്.; അഭയാർഥി അപേക്ഷകളും തടഞ്ഞു.



വാഷിങ്ടൺ ഡി.സി.: രണ്ട് നാഷണൽ ഗാർഡ് അംഗങ്ങൾക്ക് നേരെ വെടിവെപ്പുണ്ടായതിനെ തുടർന്ന്, അഫ്ഗാൻ പാസ്പോർട്ട് ഉപയോഗിച്ച് യാത്ര ചെയ്യുന്ന എല്ലാ വ്യക്തികൾക്കുമുള്ള വിസകൾ യു.എസ്. സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് "ഉടൻ പ്രാബല്യത്തിൽ" നിർത്തിവെച്ചു. പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് ഭരണകൂടത്തിന്റെ കുടിയേറ്റ നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായാണിത്.

"പൊതു സുരക്ഷ" ഉറപ്പാക്കുന്നതിന്റെ ഭാഗമായി അഫ്ഗാൻ പാസ്പോർട്ടിൽ യാത്ര ചെയ്യുന്നവർക്ക് വിസ നൽകുന്നത് സ്റ്റേറ്റ് ഡിപ്പാർട്ട്മെന്റ് താൽക്കാലികമായി നിർത്തിവെച്ചതായി സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ 'എക്സി'ലൂടെ (X) സ്ഥിരീകരിച്ചു.

അടുത്ത കാലത്തേക്കുള്ള എല്ലാ അഭയാർഥി അപേക്ഷകളിന്മേലുള്ള തീരുമാനങ്ങളും തടഞ്ഞുവെച്ചതായി യു.എസ്. ഇമിഗ്രേഷൻ അധികൃതർ അറിയിച്ചു.

കഴിഞ്ഞ ബുധനാഴ്ച വാഷിങ്ടൺ ഡി.സി.യിൽ നടന്ന വെടിവെപ്പിൽ ഒരു നാഷണൽ ഗാർഡ് അംഗം കൊല്ലപ്പെടുകയും മറ്റൊരാൾക്ക് ഗുരുതരമായി പരിക്കേൽക്കുകയും ചെയ്തിരുന്നു.

ഈ ആക്രമണത്തിലെ പ്രധാന പ്രതി അഫ്ഗാൻ പൗരനായ റഹ്മനുല്ല ലകൻവാൽ ആണെന്ന് അധികൃതർ തിരിച്ചറിഞ്ഞതിന് പിന്നാലെയാണ് നടപടി.

"നമ്മുടെ രാജ്യത്തെയും ജനങ്ങളെയും സംരക്ഷിക്കുന്നതിനേക്കാൾ വലിയ മുൻഗണന യുണൈറ്റഡ് സ്റ്റേറ്റ്സിനില്ല," സ്റ്റേറ്റ് സെക്രട്ടറി മാർക്കോ റൂബിയോ പ്രസ്താവനയിൽ പറഞ്ഞു.

ന്യൂയോർക്കിൽ ഡെമോക്രാറ്റുകൾക്ക് വൻ മുന്നേറ്റം; 50-ൽ അധികം കൗണ്ടി സീറ്റുകൾ പിടിച്ചെടുത്തു.


ന്യൂയോർക്ക്: ന്യൂയോർക്ക് സിറ്റിയിൽ നടന്ന പ്രമുഖ വിജയങ്ങളേക്കാൾ ശ്രദ്ധേയമായ രാഷ്ട്രീയ മാറ്റം സംസ്ഥാനത്തുടനീളം നടന്നതായി റിപ്പോർട്ട്. ഈയിടെ നടന്ന പ്രാദേശിക തിരഞ്ഞെടുപ്പുകളിൽ ഡെമോക്രാറ്റിക് പാർട്ടി 50-ൽ അധികം കൗണ്ടി ലെജിസ്ലേറ്റീവ് സീറ്റുകൾ പിടിച്ചെടുത്തു.

ഡെമോക്രാറ്റുകൾ 50-ൽ അധികം കൗണ്ടി ലെജിസ്ലേറ്റീവ് സീറ്റുകൾ നേടിയപ്പോൾ, റിപ്പബ്ലിക്കൻമാർക്ക് ഒരേയൊരു സീറ്റ് മാത്രമാണ് പിടിച്ചെടുക്കാൻ സാധിച്ചത്.

സാമ്പത്തിക അനിശ്ചിതത്വവും ഫെഡറൽ ഭരണകൂടത്തോടുള്ള ആശങ്കകളുമാണ് ഗ്രാമീണ മേഖലകളിലും പ്രാന്തപ്രദേശങ്ങളിലും വോട്ടർമാരെ ഡെമോക്രാറ്റുകളിലേക്ക് അടുപ്പിച്ചത്.

ട്രംപിന് 27 പോയിന്റ് ഭൂരിപക്ഷം ലഭിച്ച ഒസ്വെഗോ കൗണ്ടിയിൽ പോലും ഡെമോക്രാറ്റുകൾ അഞ്ച് സീറ്റുകൾ നേടി. നാല് പതിറ്റാണ്ടിനുശേഷം ആദ്യമായി റോച്ചസ്റ്റർ പ്രാന്തപ്രദേശമായ പെൻഫീൽഡിൽ ഡെമോക്രാറ്റിക് സൂപ്പർവൈസറെ തിരഞ്ഞെടുത്തു.

സംസ്ഥാനത്തുടനീളമുള്ള ഈ ശക്തമായ മുന്നേറ്റം 2026-ലെ നിർണായക മധ്യകാല തിരഞ്ഞെടുപ്പുകൾക്ക് മുന്നോടിയായി റിപ്പബ്ലിക്കൻമാർക്ക് മുന്നറിയിപ്പാണ് നൽകുന്നത്.





നവംബർ 2025 സപ്ലിമെൻറ്

രാജ്യത്തിന് ആശങ്കയുള്ള' രാജ്യങ്ങളിലെ ഗ്രീൻ കാർഡുകൾ കർശനമായി പുനഃപരിശോധിക്കാൻ ട്രംപ് ഭരണകൂടം ഉത്തരവ്

വാഷിംഗ്ടൺ ഡി.സി: വാഷിംഗ്ടൺ ഡി.സി.യിൽ രണ്ട് നാഷണൽ ഗാർഡ് അംഗങ്ങൾക്ക് വെടിയേറ്റ സംഭവത്തെത്തുടർന്ന്, "രാജ്യത്തിന് ആശങ്കയുള്ള" രാജ്യങ്ങളിൽ നിന്നുള്ള എല്ലാ കുടിയേറ്റക്കാരുടെയും ഗ്രീൻ കാർഡുകൾ പൂർണ്ണമായി, കർശനമായി പുനഃപരിശോധിക്കാൻ ട്രംപ് ഭരണകൂടം ഉത്തരവിട്ടു.






സംഭവം: ബുധനാഴ്ച വൈറ്റ്ഹൗസിനടുത്ത് നടന്ന വെടിവെപ്പിൽ വെസ്റ്റ് വിർജീനിയ നാഷണൽ ഗാർഡിലെ ആർമി സ്പെഷ്യലിസ്റ്റ് സാറാ ബെക്സ്ട്രോം, എയർഫോഴ്സ് സ്റ്റാഫ് സർജന്റ് ആൻഡ്രൂ വോൾഫ് എന്നിവർക്ക് ഗുരുതരമായി പരിക്കേറ്റു.

സംശയഭജൻ: അറസ്റ്റിലായ പ്രതി അഫ്ഗാൻ പൗരനായ റഹ്മാനുള്ള ലകൻവാൾ ആണ്. 2021-ൽ "ഓപ്പറേഷൻ അല്ലൈസ് വെൽക്കം" എന്ന ബൈഡൻ കാലഘട്ടത്തിലെ പ്രോഗ്രാമിലൂടെയാണ് ഇയാൾ യു.എസിൽ എത്തിയത്. ഇയാളുടെ അഭയ അപേക്ഷ ഈ വർഷം ട്രംപ് ഭരണകാലത്ത് അനുവദിച്ചതാണ്. ലകൻവാൾ സി.ഐ.എ.യുമായി അഫ്ഗാനിസ്ഥാനിൽ സഹകരിച്ച് പ്രവർത്തിച്ചിരുന്നതായി സ്ഥിരീകരിച്ചിട്ടുണ്ട്.

പുനഃപരിശോധന: പ്രസിഡന്റ് ട്രംപിന്റെ നിർദ്ദേശപ്രകാരമാണ് യു.എസ്. പൗരത്വ-കുടിയേറ്റ സേവന വിഭാഗം ഈ ഉത്തരവിറക്കിയത്. അഫ്ഗാനിസ്ഥാൻ, ക്യൂബ, ഹെയ്തി, ഇറാൻ, സോമാലിയ, ലിബിയ, സുഡാൻ, യെമൻ, വെനിസ്വേല ഉൾപ്പെടെ 19 രാജ്യങ്ങളാണ് "രാജ്യത്തിന് ആശങ്കയുള്ള" ലിസ്റ്റിൽ ഉള്ളതെന്ന് അധികൃതർ സൂചിപ്പിച്ചു.

മറ്റ് നടപടികൾ: ബൈഡൻ ഭരണകൂടത്തിൽ അംഗീകരിച്ച എല്ലാ അഭയ കേസുകളും ഡിപ്പാർട്ട്മെന്റ് ഓഫ് ഹോംലാൻഡ് സെക്യൂരിറ്റി (DHS) ഇപ്പോൾ അവലോകനം ചെയ്യുന്നുണ്ട്. അഫ്ഗാൻ പൗരന്മാരിൽ നിന്നുള്ള എല്ലാ കുടിയേറ്റ അപേക്ഷകളും താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.


ട്രംപിന്റെ പ്രതികരണം: സംഭവത്തെ "തിന്മയുടെയും വെറുപ്പിന്റെയും ഭീകരതയുടെയും പ്രവൃത്തി" എന്ന് വിശേഷിപ്പിച്ച ട്രംപ്, രാജ്യത്ത് തുടരാൻ അർഹതയില്ലാത്തവരെ പുറത്താക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമെന്ന് പ്രതിജ്ഞയെടുത്തു.








നവംബർ 2025 സപ്ലിമെൻറ്

In Loving Memory Of














നവംബർ 2025 സപ്ലിമെൻറ്



കായികം



അയാൾ സെഞ്ചറികളുടെ 'രാജാവ്' ആണ്; കോലിക്ക് ഏകദിനത്തിൽ 52□ാം സെഞ്ചറി; സിക്സർ ഹിറ്റുകളിൽ ഇനി 'ഹിറ്റ്മാൻ' ഒന്നാമൻ

റാഞ്ചി • ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ഏകദിനത്തിൽ സൂപ്പർ താരം വിരാട് കോലിക്കു സെഞ്ചറി. മൂന്നാമനായി ബാറ്റിങ്ങിന് ഇറങ്ങിയ കോലി, 102–□□ പന്തിൽ, ബൗണ്ടറി പായിച്ചാണ് സെഞ്ചറി തികച്ചത്. ഏകദിന കരിയറിൽ കോലിയുടെ 52–□□ സെഞ്ചറിയാണിത്. ഇതോടെ ക്രിക്കറ്റിന്റെ ഏതെങ്കിലുമൊരു ഫോർമാറ്റിൽ (ടെസ്റ്റ്, ഏകദിനം, ട്വന്റി20) ഏറ്റവും കൂടുതൽ സെഞ്ചറി നേടുന്ന താരമെന്ന റെക്കോർഡ് വിരാട് കോലിക്ക് സ്വന്തമാക്കി. 51 ടെസ്റ്റ് സെഞ്ചറികളുള്ള സച്ചിൻ തെൻഡുൽക്കറിന്റെ റെക്കോർഡാണ് കോലി മറികടന്നത്. രാജ്യാന്തര കരിയറിലെ 83–□□ സെഞ്ചറിയാണ് കോലി ഇന്നു നേടിയത്. ടെസ്റ്റിൽ കോലിക്ക് 30 സെഞ്ചറിയുണ്ട്. ട്വന്റി20യിൽ ഒരു സെഞ്ചറിയും.

'ക്യാപ്റ്റൻസ് ഡേ!'; സഞ്ജുവും കുറച്ചില്ല: 15 പന്തിൽ 43, അടിച്ചത് അഞ്ച് സിക്സ്; കേരളത്തിന് എട്ടു വിക്കറ്റ് ജയം CRICKET

ഇന്ത്യൻ ഇന്നിങ്സിന്റെ നാലാം ഓവറിൽ ക്രീസിലെത്തിയ കോലി, ഓപ്പണർ രോഹിത് ശർമയുമായി (51 പന്തിൽ 57) ചേർന്ന് ഇന്നിങ്സിനെ മുന്നോട്ടു നയിക്കുകയായിരുന്നു. രണ്ടാം വിക്കറ്റിൽ കോലിയും രോഹിത്തും ചേർന്നു സെഞ്ചറി കൂട്ടുകെട്ടും നേടി. 109 പന്തുകളിൽ 139 റൺസാണ് ഇരുവരും ചേർന്ന് സ്കോർബോർഡിൽ കൂട്ടിച്ചേർത്തത്.

കോലി കരിയറിലെ 76–□□ അർധസെഞ്ചറി നേടിയപ്പോൾ രോഹിത് 60–□□ അർധസെഞ്ചറിയാണ് നേടിയത്. 22–□□ ഓവറിൽ രോഹിത്തിനെ പുറത്താക്കി മാർക്കോ യാൻസനാണ് കൂട്ടുകെട്ട് പൊളിച്ചത്. പിന്നീടെത്തിയ ഋതുരാജ് ഗെയ്ക്‌വാദ് (8), വാഷിങ്ടൻ സുന്ദർ (13) എന്നിവർ കാര്യമായിട്ടൊന്നും ചെയ്യാനായില്ലെങ്കിലും ഒരറ്റത്ത് കോലി നിലയുറപ്പിക്കുകയായിരുന്നു. ഏഴു സിക്സും 11 ഫോറുമാണ് കോലിയുടെ ബാറ്റിൽനിന്നു പിറന്നത്. 120 പന്തിൽ 135 റൺസെടുത്ത കോലി, 43–□□ ഓവറിലാണ് പുറത്തായത്.


• രോ'ഹിറ്റ്' റെക്കോർഡ്

ഇന്ത്യൻ ഇന്നിങ്സിന്റെ 19.4–□□ ഓവറിൽ. ദക്ഷിണാഫ്രിക്കൻ പേസർ മാർക്കോ യാസൻ എറിഞ്ഞ പന്ത് നേരിട്ട രോഹിത് ശർമ, ലെഗ് സൈഡിലൂടെ ബോൾ ബൗണ്ടറിക്കു മുകളിലൂടെ പായിച്ചു. സിക്സ്! ഏകദിനത്തിൽ രോഹിത് ശർമയുടെ 352–□□ സിക്സറായിരുന്നു അത്. ഈ ഹിറ്റോടെ ഏകദിന ക്രിക്കറ്റിൽ ഏറ്റവും കൂടുതൽ സിക്സ് നേടിയ താരമെന്ന റെക്കോർഡും ഹിറ്റ്മാന്റെ പേരിലായി. 277 മത്സരങ്ങളിൽനിന്നാണ് രോഹിത്തിന്റെ നേട്ടം. 398 മത്സരങ്ങളിൽ നിന്ന് 351 സിക്സർ നേടിയ പാക്കിസ്ഥാന്റെ ഷാഹിദ് അഫ്രീദിയുടെ റെക്കോർഡാണ് രോഹിത് ശർമ തകർത്തത്.

മത്സരത്തിനിറങ്ങുമ്പോൾ 349 സിക്സുകളാണ് രോഹിത്തിന്റെ പേരിലുണ്ടായിരുന്നത്. റെക്കോർഡിലേക്ക് മൂന്നു ഷോട്ടുകളുടെ ദൂരം മാത്രം. ഇന്ത്യന് ഇന്നിങ്സിന്റെ 14.1 ഓവറിലാണ് രോഹിത് ആദ്യ സിക്സർ നേടിയത്. തൊട്ടടുത്ത പന്തിൽ വീണ്ടു സിക്സ്. ഇതോടെ അഫ്രീദിയുടെ റെക്കോർഡിനൊപ്പമെത്തി രോഹിത്. 20–□□ ഓവറിൽ റെക്കോർഡ് തകർത്ത ആ 'ഹിറ്റ്'.



റാഞ്ചിയിൽ 'വിന്റേജ് മോഡ്', പക്ഷേ പവർപ്ലേയിൽ ആ പതിവ് തെറ്റിച്ചു; വിരാടിന്റെ 83□ാം ശതകാഭിഷേകം



കഴിഞ്ഞമാസം ഓസ്ട്രേലിയയ്ക്കെതിരെ നടന്ന ഏകദിന പരമ്പരയിലെ അവസാന മത്സരത്തിൽ തന്റെ ആദ്യ റൺ നേടിയപ്പോൾ വിരാട് കോലി കൈ ചെറുതായി ഉയർത്തി ആഘോഷിച്ചതു ക്രിക്കറ്റ് പ്രേമികൾ മറന്നിട്ടുണ്ടാകില്ല. ആദ്യ 2 മത്സരങ്ങളിലും പൂജ്യത്തിനു പുറത്തായ കോലിക്ക് അത്രമേൽ വിലപ്പെട്ടതായിരുന്നു ആ ഒരു റൺ. എന്നാൽ ഒരു മാസത്തിനു ശേഷം റാഞ്ചി രാജ്യാന്തര സ്റ്റേഡിയത്തിൽ 52–□□ ഏകദിന സെഞ്ചറി നേടിയപ്പോൾ ആരാധകർ കാത്തിരുന്ന തന്റെ പതിവ് ആഘോഷം കോലി പുറത്തെടുത്തു. മുഷ്ടി ചുരുട്ടി വലതുകൈ വാനോളം ഉയർത്തി ആക്രോശത്തോടെ കുതിച്ചു ചാടുന്ന കോലി!

അയാൾ സെഞ്ചറികളുടെ 'രാജാവ്' ആണ്; കോലിക്ക് ഏകദിനത്തിൽ 52–□□ സെഞ്ചറി; സിക്സർ ഹിറ്റുകളിൽ ഇനി 'ഹിറ്റ്മാൻ' ഒന്നാമൻ CRICKET

120 പന്തിൽ 135 റൺസ് നേടി മടങ്ങുമ്പോൾ തനിക്കുനേരേ ഉയർന്ന വിമർശനങ്ങൾക്കെല്ലാം തന്റെ ബാറ്റിലൂടെ കോലി മറുപടി നൽകിക്കഴിഞ്ഞിരുന്നു. 2023ൽ നടന്ന ഏകദിന ലോകകപ്പിൽ ന്യൂസീലൻഡിനെതിരായ മത്സരത്തിലാണു കോലി അവസാനമായി ഇന്ത്യയിൽ ഏകദിന സെഞ്ചറി നേടിയത്. യുഎഇയിൽ ഈ വർഷമാദ്യം ചാംപ്യൻസ് ട്രോഫിയിൽ പാക്കിസ്ഥാനെതിരെയായിരുന്നു കോലിയുടെ ഇതിനു മുൻപത്തെ ഏകദിന സെഞ്ചറി.

വിന്റേജ് വിരാട്

ദക്ഷിണാഫ്രിക്കയ്ക്കെതിരെ ഇന്നലെ കണ്ടതു വിന്റേജ് കോലിയെയാണ്. പവർപ്ലേയിൽ 2 സിക്സ് നേടിയാണു കോലി തന്റെ ആക്രമണം ആരംഭിച്ചത്. ഇന്ത്യ ആദ്യം ബാറ്റിങ്ങിനിറങ്ങിയ മത്സരങ്ങളിൽ, ആദ്യമായാണ് കോലി പവർപ്ലേയിൽ 2 സിക്സ് നേടുന്നത്. ആദ്യ 10 ഓവറുകൾ അവസാനിക്കുമ്പോൾ 26 പന്തിൽ 30 റൺസ് കോലി നേടിയിരുന്നു.

പേസർ കോർബിൻ ബോഷ് എറിഞ്ഞ 17–□□ ഓവറിലെ 2–□□ പന്ത് മിഡ് വിക്കറ്റിലേക്ക് പായിച്ച് സിക്സ് നേടിയ കോലി തന്റെ 76–□□ ഏകദിന അർധ സെഞ്ചറി പൂർത്തിയാക്കി. ബോഷ് എറിഞ്ഞ അടുത്ത പന്തും സിക്സിനു പായിച്ച കോലി തന്റെ നയം വ്യക്തമാക്കി. 19–□□ ഓവർ അവസാനിക്കുമ്പോൾ 55 പന്തിൽ 64 റൺസായിരുന്നു കോലിക്ക്.

റിവേഴ്സ് ഗീയർ

21–□□ ഓവറിൽ പേസർ മാർക്കോ യാൻസൻ എറിഞ്ഞ 2–□□ പന്തിൽ രോഹിത് ശർമയുടെ വിക്കറ്റ് നഷ്ടമായതോടെ കോലിയുടെ സ്കോറിങ് വേഗവും കുറഞ്ഞു. പിന്നാലെയെത്തിയ ഋതുരാജ് ഗെയ്ക്‌വാദും വാഷിങ്ടൻ സുന്ദറും നിലയുറപ്പിക്കും മുൻപേ മടങ്ങിയതും കോലിയെ പിന്നോട്ടുവലിച്ചു. പിച്ചിന്റെ വേഗക്കുറവു മുതലെടുത്ത് സ്ലോ ബോളുകളുമായി ആക്രമണം കടുപ്പിച്ച ദക്ഷിണാഫ്രിക്കൻ പേസർമാർക്കെതിരെ സ്ട്രൈക്ക് റൊട്ടേഷൻ കൃത്യമായി നടപ്പാക്കുന്നതിലായിരുന്നു കോലിയുടെ ശ്രദ്ധ.

ഇതോടെ ബൗണ്ടറികൾ കുറഞ്ഞെങ്കിലും ഒരു എൻഡ് കോലി ഭദ്രമാക്കിവച്ചു. 31–□□ ഓവർ അവസാനിക്കുമ്പോൾ 83 പന്തിൽ 88 റൺസ് എന്ന നിലയിലായിരുന്നു കോലി.

ദക്ഷിണാഫ്രിക്കയ്ക്കെതിരായ ഒന്നാം ഏകദിനത്തിൽ സെഞ്ചറി നേടിയ ഇന്ത്യൻ താരം വിരാട് കോലിയുടെ ആഹ്ലാദം. ചിത്രം: (Photo by Dibyangshu SARKAR / AFP) തിരിച്ചടി

ക്യാപ്റ്റൻ കെ.എൽ.രാഹുലിനെ കൂട്ടുപിടിച്ചാണു കോലി പിന്നീടു സ്കോർ ഉയർത്തിയത്. 37–□□ ഓവറിൽ മാർക്കോ യാൻസൻ എറിഞ്ഞ പന്ത് ബൗണ്ടറി കടത്തിയ കോലി ഏകദിന കരിയറിലെ 52–□□ സെഞ്ചറിയും രാജ്യാന്തര കരിയറിലെ 83–□□ സെഞ്ചറിയും സ്വന്തമാക്കി. 100 സെഞ്ചറി എന്ന മോഹദൂരത്തിലേക്ക് ഇനി 17 സെഞ്ചറികളുടെ അകലംകൂടി. സെഞ്ചറി നേട്ടത്തിനു പിന്നാലെ, അറ്റാക്കിങ് മോഡിലേക്കു കടന്ന കോലി, അടുത്ത 17 പന്തുകളിൽ നേടിയത് 33 റൺസാണ്.

കരുതലോടെ കളിച്ചിരുന്നെങ്കിൽ കരിയറിലെ ആദ്യ ഏകദിന ഇരട്ട സെഞ്ചറിയെന്ന നേട്ടം സ്വന്തമാക്കാൻ കോലിക്ക് അവസരമുണ്ടായിരുന്നു. എന്നാൽ സ്കോറിങ് ഉയർത്താനുള്ള ശ്രമത്തിനിടെ നാന്ദ്രെ ബർഗർക്കു വിക്കറ്റ് നൽകി കോലി മടങ്ങി; ഇനിയുമെത്രയോ അങ്കത്തിനുള്ള ബാല്യം തനിക്കു ബാക്കിയുണ്ടെന്ന ഓർമപ്പെടുത്തലുമായി...

സച്ചിനെ മറികടന്ന് കോലി

രാജ്യാന്തര ക്രിക്കറ്റിൽ, ഒരു സിംഗിൾ ഫോർമാറ്റിൽ ഏറ്റവും കൂടുതൽ സെഞ്ചറി നേടുന്ന താരമായി വിരാട് കോലി. ഏകദിന ക്രിക്കറ്റിൽ 52 സെഞ്ചറികൾ പൂർത്തിയാക്കിയ കോലി, 51 ടെസ്റ്റ് സെഞ്ചറികളുള്ള സച്ചിൻ തെൻഡുൽക്കറിനെയാണ് മറികടന്നത്.

നവംബർ 2025 സപ്ലിമെൻറ്

യശോധര ..



ജോയ്സ് വർഗീസ് (കാനഡ)

563 BCE യിൽ കോയില (Koyila) രാജാവ് സുപ്പബുദ്ധക്കു പിറന്ന മകൾ. ആ രാജകുമാരിക്കു 'യശസ്സിനെ പരിരക്ഷിക്കുന്ന ' എന്നർത്ഥമുള്ള 'യശോധര ' എന്ന പേരു നൽകി.
പൗർണമി ചന്ദ്രികയെ വെല്ലുവിളിക്കുന്ന അവളുടെ സൗന്ദര്യം ഏറെ പ്രകീർത്തിക്കപ്പെട്ടു.

അവൾക്ക് അനുയോജ്യനായ വരൻ കോസല രാജകുമാരനായ സിദ്ധാർഥൻ അല്ലാതെ മറ്റാരുമല്ലെന്നു പ്രബലരായ രണ്ടു രാജകുടുംബങ്ങളും തീരുമാനിച്ചു. ലുംബിയിലെ ശൈഖ (Shakya) രാജവംശജനായ സിദ്ധാർഥൻ സുയോധന രാജാവിന്റെ മകനും കിരീടാവകാശിയുമായിരുന്നു.

കേവലം പതിനാറാം വയസ്സിൽ അത്ര തന്നെ പ്രായമുള്ള രാജകുമാരന്റെ പത്നിയായി യശോധര. സുന്ദരനും മിതഭാഷിയുമായിരുന്ന സിദ്ധാർത്ഥ രാജകുമാരൻ ഭാര്യയെ സ്നേഹിച്ചിരുന്നു. പക്ഷെ പ്രായത്തിൽ കവിഞ്ഞ ചിന്താധാരകളിൽ മുഴുകിയിരുന്ന സിദ്ധാർഥൻ ലൗകിക സുഖങ്ങളിൽ അതിയായ താൽപര്യം കാണിച്ചില്ല.

യശോധരയുടെ മേനിയിൽ ആടയാഭരണങ്ങൾ ചാർത്തുന്ന തോഴിമാർ,

വ്യഥയിൽ നുറുങ്ങുന്ന യശോധരയുടെ ഭാവങ്ങൾ കണ്ടു വ്യസനം പകുത്തു.

രാജകുമാരൻ യശോധരയോടൊപ്പം അറയിൽ കൂടുതൽ സമയം ചിലവഴിക്കാത്തതെന്തെന്ന് കൊട്ടാരവാസികൾ അടക്കം പറഞ്ഞു. തനിക്ക് ചുറ്റുമുള്ള ലോകത്തിന്റെ ദുഃഖം വേട്ടയാടിക്കൊണ്ടിരുന്ന സിദ്ധാർഥന്റെ മനസ്സ് ഭാര്യയിൽ നിന്നും അകന്നു തുടങ്ങിയിരുന്നു.
അയാളെക്കുറിച്ചുള്ള പ്രവചനം യാശോധരയുടെ മനസ്സിന്റെ കോണിൽ കുരുക്കഴിയാത്ത സമസ്യയായി കെട്ടുപ്പിടഞ്ഞു.
' അയാൾ കൊട്ടാരത്തിലാണ് ജീവിക്കുന്നതെങ്കിൽ ലോകം ഭരിക്കുന്നവനാകും. കൊട്ടാരത്തിനു പുറത്താണ് ജീവിക്കുന്നതെങ്കിൽ ലോകം കണ്ടേക്കാവുന്ന ഏറ്റവും വലിയ ആത്മീയാചാര്യനാകും. '

പ്രവചനങ്ങളുടെ സത്യവും മിഥ്യയും വേർതിരിച്ചെടുക്കാൻ കഴിയാതെയവൾ മോഹഭംഗങ്ങളുടെ കടലാഴങ്ങളിൽ മുങ്ങിത്താഴാൻ തുടങ്ങിയിരുന്നു.

തങ്ങളുടെ ഇരുപത്തിയൊമ്പതാം വയസ്സിൽ ജനിച്ച പുത്രന് രാഹുലയെന്ന് പേരു നൽകി. തൊട്ടിലിൽ ഉറങ്ങുന്ന പൈതലിനെ അനുഗ്രഹിച്ചു, ശയ്യാഗൃഹത്തിൽ ഉറങ്ങിക്കിടന്നിരുന്ന യശോധരയോട് യാത്രാമൊഴി ചൊല്ലാതെ സിദ്ധാർഥൻ കൊട്ടാരം വിട്ടിറങ്ങി. അവളോടു ഒരു വാക്കുപ്പോലും ഉരിയാടാതെ ഇറങ്ങിപ്പോയത്, അനേകരുടെ ദുഃഖത്തിന് അറുതി വരുത്തുവാനായിരിക്കും. എങ്കിലും ഭർത്താവിന്റെ സാമീപ്യം എന്നന്നേക്കുമായി നഷ്ടപ്പെടുന്ന ഭാര്യയോടു ഒരു വാക്ക് പറയാതെ പോയത് എന്തുകൊണ്ടാണെന്ന് അവൾ കടലിലെ തിരകളേക്കാളധികം പ്രാവശ്യം ആലോചിച്ചുക്കൊണ്ടിരുന്നു.

വിവാഹശേഷം വർഷങ്ങളുടെ കാത്തിരിപ്പിനൊടുവിൽ ലഭിച്ച കുരുന്നിനു പിതാവിന്റെ ലാളന നഷ്ടപ്പെടുന്നതിൽ അവളുടെ മനം നൊന്തു.

ഗയയിൽ വെച്ചു ജ്ഞാനോദയം ലഭിച്ച സിദ്ധാർഥൻ, ശ്രീ ബുദ്ധനായി. അനേകായിരം മനുഷ്യരുടെ ദുഃഖങ്ങൾക്ക് ചെവിക്കൊടുത്തു. ലളിതമായ ജീവിതവും ഫലേച്ഛയില്ലാത്ത കർമ്മവും അഹിംസയും ശ്രീ ബുദ്ധന്റെ പ്രഭാഷണങ്ങളിൽ നിറഞ്ഞു. കരയും കടലും കടന്ന് ശ്രീ ബുദ്ധന്റെ തത്വചിന്തകൾ പ്രചരിച്ചു.

നാശം വിതക്കുന്ന യുദ്ധവും അതുമൂലമുള്ള ചോരചിന്തലും കണ്ണീരും വേദനയും വ്യഥാവിലെന്ന് പല രാജാക്കന്മാരും ശ്രീബുദ്ധനിലൂടെ തിരിച്ചറിഞ്ഞു.

മഹത്തായ സന്ദേശം, ലോകത്തിന് നൽകാൻ കഴിഞ്ഞെങ്കിലും അതു വിരഹം തളർത്തിയ യശോധരയുടെ കണ്ണീരിന്റെ വില കൂടിയായിരുന്നു. യശോധര, ഏതൊരു ഭാര്യയേയും പോലെ ഭർത്താവിന്റെ പരിലാളനം ആഗ്രഹിച്ചിരുന്നില്ലെ?

5പാലി ലിപിയിൽ, സൂക്തങ്ങൾ കരിങ്കൽ സ്തൂപങ്ങളിൽ ആലേഖനം ചെയ്യപ്പെട്ടു. അതിനിടയിൽ ഉപേക്ഷിക്കപ്പെട്ട സ്ത്രീയുടെ മനസും പതിയെ വികാരങ്ങളുറഞ്ഞ കരിങ്കല്ലായി മാറിയിരുന്നു.

സമ്പന്നരായ യശോധരയുടെ കുടുംബം, അവളോടു ഭർതൃഗൃഹത്തിൽ നിന്നും തിരിച്ചു വരാനും തങ്ങളോടൊപ്പം താമസിക്കാനും അപേക്ഷിച്ചു. എന്നാലവളത് സ്നേഹപൂർവ്വം നിരസ്സിച്ചു.
സിദ്ധാർഥന്റെ ഓർമ്മകളിൽ ജീവിക്കാനുള്ള ആഗ്രഹമായിരുന്നോ അതോ തന്നെ ഒറ്റയ്ക്കാക്കി പോയയാളോടുള്ള പകയായിരുന്നോ അവളെ ആ തീരുമാനമെടുപ്പിച്ചത് ?

പതിയെ യശോധരയും മകനും ബുദ്ധമതചിന്തകളാൽ
ആകൃഷ്ടരായി. ദുഃഖത്തിനോടു

സന്ധിച്ചെയ്യുന്ന മാനസികാവസ്ഥയിലേക്കു യശോദരയും എത്തിച്ചേർന്നിരിക്കണം. നമ്മളിന്നതിനെ ട്രോമ ബോണ്ട് എന്നു വിശേഷിപ്പിക്കുന്നു.

കപിലവസ്തുവിൽ ശ്രീ ബുദ്ധൻ വരുമെന്നറിഞ്ഞ മകൻ രാഹുല അദ്ദേഹത്തെ പോയി കാണണമെന്ന് ശാഠ്യം പിടിച്ചു. രാഹുലയ്ക്കു പോകാൻ അനുമതി നൽകിയ യശോധര തന്നെ വന്നു കാണാൻ പിതാവിനോടു അപേക്ഷിക്കണമെന്നു പറഞ്ഞു. ഒരിക്കലെങ്കിലും ജയിക്കണമെന്ന് യാശോധരക്കു തോന്നിയിരിക്കാം.

മകന്റെ ആവശ്യം അംഗീകരിച്ചു, ശ്രീ ബുദ്ധൻ യശോധരയെ കാണാനെത്തി. യശോധര കടന്നുപോകുന്ന വിരഹവും ദുഃഖവും ഭർതൃപിതാവായ രാജാവ് സുയോധനൻ മകൻ സിദ്ധാർഥനെ പറഞ്ഞുകേൾപ്പിച്ചു.

മുജ്ജന്മങ്ങളിലെ പാപം അനുഭവിച്ചു തീർക്കുന്നതാണെന്നായിരുന്നു ശ്രീ ബുദ്ധന്റെ മറുപടി. തിരസ്ക്കരണത്തിനുള്ള ഉത്തരവും അവരുടെ വിശ്വാസവുമായിരുന്നു.


പിന്നീടു യശോധര ബുദ്ധഭിക്ഷുണിയായി ജീവിയ്ക്കാൻ തുടങ്ങി. രാജകീയ ഉടയാടകൾ അഴിച്ചുവെച്ചവൾ പീതവസ്ത്രധാരിയായി. നിറം മങ്ങിയ വസ്ത്രങ്ങൾ അവളുടെ മങ്ങിപ്പോയ മോഹങ്ങളുടെ അടയാളങ്ങളായി.

തന്റെ എഴുപത്തിയെട്ടാം വയസ്സിൽ അവർ നിർവാണം പ്രാപിച്ചുവെന്ന് ചരിത്രം പറയുന്നു. പ്രപഞ്ചത്തിന്റെ അവസ്ഥയെ ശരിയായ രീതിയിൽ മനസ്സിലാക്കുന്ന 'അർഹത് ' എന്ന ഭിക്ഷുക്കളുടെ തുടക്കം അവരിൽ നിന്നെന്നും പറയുന്നു.


പാപങ്ങൾ അനുഭവിച്ചു തീർന്നു, ആത്മാവിനെ സ്വതന്ത്രമാക്കുന്ന നിർവാണം ഇനി അവർക്ക് പരിത്യക്തയുടെ ജന്മമെടുക്കേണ്ടി വരില്ലെന്ന്, ബുദ്ധമതവിശ്വാസം ഉറപ്പു തരുന്നു.

ചരിത്രം എഴുതുന്നത് വിജയികളുടേയും മഹാന്മാരുടേയും കഥകളാണ്. അതിനിടയിൽ ചതഞ്ഞരഞ്ഞ സ്ത്രീ ജീവിതങ്ങൾ ആരും ഓർക്കാറില്ല.

യശോധരയും രാമായണത്തിലെ ഊർമ്മിളയും രാമനാൽ ഉപേക്ഷിക്കപ്പെട്ട സീതയും വിജയികളുടെ പ്രഭയിൽ വെറും നിഴലുകളായി ഭൂമിയിൽ പതിയുന്നു.



നവംബർ 2025 സപ്ലിമെൻറ്



നവംബർ 2025 സപ്ലിമെൻറ്

ഫൊക്കാന മിഡ്-ടേം ജനറൽ ബോഡിമീറ്റിങ്ങ് ഏവർക്കും മാതൃകാപരം: സംഘടനയുടെ ഭാവി ദിശയെക്കുറിച്ച് വ്യക്തമായ നിലപാട്.



ഫൊക്കാനയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ചേർന്ന മിഡ് ടേം ജനറൽ ബോഡി മീറ്റിങ്ങ് മാതൃകാപരമായിരുന്നു. വ്യക്തമായ കാഴ്ചപ്പാടോടും , സമയ ക്ലിപ്തതയോടും നടത്തിയ മീറ്റിങ്ങ് അനാവശ്യ ചർച്ചകളും , വാക്കുതർക്കങ്ങളും ഒഴിവാക്കി അച്ചടക്കത്തോട് കൂടിയാണ് നടന്നത്.

പ്രസിഡന്റ് സജിമോൻ ആന്റണിയും സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താനും, ട്രഷർ ജോയി ചക്കപ്പൻ , ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് എന്നിവർ സംഘടനയുടെ പ്രവർത്തനത്തെ പറ്റി വിശദമായി സംസാരിച്ചു. കഴിഞ്ഞ ഒരു വർഷത്തെ ഫൊക്കാനയുടെ പ്രവർത്തനം വിലയിരുത്തുന്നതിന് വേണ്ടിയും സംഘടനയുടെ മുന്നോട്ടുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനും വേണ്ടിയാണ് മിഡ് ടെം ജനറൽ ബോഡി വിളിച്ചതെന്ന് പ്രസിഡന്റ് സജിമോൻ അറിയിച്ചു.

ഫൊക്കാനയുടെ പ്രവർത്തനങ്ങൾ വളരെ നല്ല രീതിയിൽ പോകുന്നു. ഞങ്ങളുടെ ഭാഗത്തുനിന്നും എന്തെങ്കിലും തെറ്റുകളോ കുറ്റങ്ങളോ ഉണ്ടായിട്ടുണ്ടെങ്കിൽ അത് ചൂണ്ടിക്കാണിക്കേണ്ടത് നിങ്ങളാണ്. അതിനുവേണ്ടിയാണ് ജനറൽ ബോഡി നമ്മളിവിടെ കൂടിയിരിക്കുന്നത് എന്ന് ട്രസ്റ്റീ ബോർഡ് ചെയർ ജോജി തോമസ് അഭിപ്രായപ്പെട്ടു

ഫൊക്കാനയുടെ കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തനങ്ങൾ ഏവരെയും അതിശയിപ്പിക്കുന്നതാണ് ."ഫൊക്കാനയുടെ മെഡിക്കൽ കാർഡ്, പ്രിവിലേജ് കാർഡ് എന്നീ രണ്ട് കാർഡുകളും സംഘടനയുടെ മുഖച്ഛായ മാറ്റിമറിച്ച ഒരു കാര്യമാണ്. ഫൊക്കാനയുടെ പ്രവർത്തന ശൈലിയിലും അതിലൂടെ മാറ്റം വന്നു. ഓരോ മെഡിക്കൽ കാർഡിലൂടെയും 10000 മുതൽ 75000 രൂപ രൂപ വീതം ഡിസ്കൗണ്ട് കിട്ടിയത് ഞങ്ങളെ വിളിച്ച് സന്തോഷം അറിയിക്കാറുണ്ട് , കേരള സമൂഹത്തിനുവേണ്ടി പ്രവർത്തിക്കുന്ന നിങ്ങളെ ഞങ്ങൾ എത്ര പ്രശംസിച്ചാലും മതിവരില്ല എന്ന് പറഞ്ഞു അഭിനന്ദിക്കുബോൾ നമ്മുടെ കമ്മിറ്റിക്ക് അഭിമാനമുണ്ട്.സജിമോൻ ആന്റണിയിലൂടെ ഫൊക്കാനയ്ക്കൊരു ഫുൾ ടൈം പ്രസിഡന്റിനെ കിട്ടി., ഏത് സമയത്ത് വിളിച്ചാലും 24*7 അവൈലബിനോടൊപ്പം വിഷനോടും മിഷനോടെയും കൂടി പ്രവർത്തിക്കുന്നതാണ് അദ്ദേഹത്തിന്റെ രീതി. മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡുമൊക്കെ ഇഷ്യൂ ചെയ്യുന്നതിന് കഴിഞ്ഞ ആഴ്ചകളിൽ മണിക്കൂർ ട്രാവൽ ചെയ്തിട്ട് മീറ്റിംഗ് നടത്തി ഏകദേശം 150 ഓളം കാർഡുകൾ കൊടുത്തു. ഒരു ആവറേജ് എടുത്ത് കഴിഞ്ഞാൽ 4000-ത്തിനും 5000-ത്തിനും ഇടയ്ക്ക് കാർഡുകൾ നമ്മുടെ കേരള കമ്മ്യൂണിറ്റിയിലെ എത്തിക്കാൻ ഫൊക്കാനയ്ക്ക് കഴിഞ്ഞു എന്ന് സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ .അഭിപ്രയപെട്ടു.

ജനങ്ങളിലേക്കിറങ്ങിച്ചെന്ന് ജനങ്ങളോട് സംവദിക്കാനും ജനങ്ങളുടെ കാര്യത്തിനുവേണ്ടി പ്രവർത്തിക്കാനും അതുപോലെ മലയാളികൾക്ക് വേണ്ടുന്ന കാര്യങ്ങൾ കണ്ടുപിടിച്ച് അതിൽ പ്രവർത്തിക്കാനും കഴിയുന്ന ഒരു ടീമാണ് ഇവിടെയുള്ളത്. പൊക്കാനയുടെ യൂത്ത് ക്ലബ്ബ് ഏകദേശം 100 ഓളം മെമ്പേഴ്സിനെ ഉൾപ്പെടുത്തിയാണ് രൂപീകരിച്ചിരിക്കുന്നത്. . ഫൊക്കാനയുടെ രൂപം മാറി, ഭാവം മാറി. അത് കൂടുതൽ മാറണം. ചെറുപ്പക്കാരെ വളർത്തേണ്ടത് നമ്മുടെ ആവശ്യമാണ് എന്നുള്ള ഒരു കൺസെപ്റ്റോടുകൂടി തന്നെയാണ് ഈ ഈ നേതൃത്വം മുന്നോട്ട് കൊണ്ടുപോകുന്നത്. ഏകദേശം 250-ൽ അധികം മെമ്പേഴ്സുള്ള ഒരു വിമൻസ് ഫോറം ഈ ടീമിന്റെ ഭാഗമായി പ്രവർത്തിക്കുന്നുണ്ട്. ഫൊക്കാനയുടെ റീജിയണൽ ഇനോഗുറേഷൻ എല്ലാ റീജിയണിലും ഒന്നിനൊന്ന് മെച്ചമായി നടന്നു. ചരിത്രത്തിൽ ആദ്യമായി പ്രവർത്തനം തുടങ്ങി എല്ലാ റീജിയണൽ ഇനോഗുറേഷനുകളും 500-ഉം 600-ഉം പേരുള്ള ഫൊക്കാനയുടെ ഒരു മിനി കൺവെൻഷൻ തന്നെ ആയിരുന്നു . റീജണൽ കണ്വെൻഷനുകളുടെ തുടക്കമായി ന്യൂ യോർക്ക് (അപ്പ്സ്റ്റേറ്റ്) റീജണൽ കൺവെൻഷനും വൻപിച്ച വിജയം ആയിരുന്നു ചരിത്രത്തിൽ ആദ്യമായി ഫൊക്കാനക്ക് ഒരു സ്പോർട്സ് ക്ലബ്ബ് തുടങ്ങുവാൻ സാധിച്ചു. ആ സ്പോർട്സ് ക്ലബ്ബ് ന്യൂയോർക്കിൽ ഒരു ടൂർണമെന്റ് നടത്തി. ചിക്കാഗോയിൽ മറ്റൊന്ന് നടത്തുന്നു. അങ്ങനെ ഇന്ന് ഫൊക്കാന യുവാക്കളുടെ കൈകളിൽ എത്തിയിരിക്കുന്നു.

ഫൊക്കാന കേരള കൺവെൻഷൻ ഒരു ചരിത്രം സൃഷ്ടിച്ചു. ഒരു പ്രവാസി സംഘടനയിൽ നടത്തിയിട്ടില്ലാത്ത കൺവെൻഷനാണ് നമ്മൾ നടത്തിയത്. ഇവിടെ ഇരുന്നുകൊണ്ട് മാനേജ് ചെയ്ത് അവിടെ ആയിരത്തിലധികം പേരെ വരുത്താമെങ്കിൽ ഇവിടെ പ്രവർത്തിക്കുന്ന നമുക്കെന്തുകൊണ്ട് കൽഹാരി കൺവെൻഷനിൽ 5000 പേരെ വരുത്തിക്കൂടാ . ഞങ്ങളുടെ എയിം അതാണ്.കേരള കൺവെൻഷൻ ഞങ്ങൾക്ക് ഒരു പ്രചോദനമായിരുന്നു. കാരണം കേരളത്തിന്റെ ചരിത്രത്തിൽ ഒരു പ്രവാസി സംഘടന നടത്തിയിട്ടില്ലാത്ത മൂന്ന് ദിവസത്തെ കൺവെൻഷനാണ് അവിടെ നടന്നത്.

അവിടുത്തെ സാഹിത്യ സമ്മേളനം, മീഡിയ സെമിനാർ, വിമൻസ് ഫോറം സെമിനാർ, ഭാഷക്ക് ഒരു ഡോളർ , ബിസിനെസ്സ് സെമിനാർ, സിം കേരളാ സിം, ലൈഫ് ആൻഡ് ലിമ്പുമായി സഹകരിച്ചു 44 പേർക്ക് കൃത്രിമ കാലുകൾ നൽകി അങ്ങനെ ഓരോന്നോരോന്ന് എടുത്തു കഴിഞ്ഞാൽ കേരളത്തിലെ പത്രങ്ങൾ മൊത്തം എഴുതിയ ഒരു കേരള കൺവെൻഷനായിരുന്നു നമ്മൾ ഒരുക്കിയത്.

ഫൊക്കാനയുടെ പ്രവർത്തനം ഒരു വർഷം ഇത്രയും ഭംഗിയായി കൊണ്ടുപോകാൻ നമുക്ക് പ്രചോദനമായി ലീഡർഷിപ്പ് തന്ന പ്രസിഡന്റ് സജിമോനെ എത്ര അഭിനന്ദിച്ചാലും മതിയാവില്ല. " ശ്രീകുമാർ ഉണ്ണിത്താൻ വിശദീകരിച്ചു.

ഫൊക്കാനയിലെ പ്രവർത്തനങ്ങൾക്ക് അതിലുള്ളവർക്ക് ലഭിക്കുന്ന വരുമാനം പൂജ്യമാണെന്ന് അധ്യക്ഷപ്രസങ്ങത്തിൽ പ്രസിഡന്റ് സജിമോൻ ആന്റണി പറഞ്ഞു. എക്സിക്യൂട്ടീവ് കമ്മിറ്റിയിലെയും നാഷണൽ കമ്മിറ്റിയിലെയും ട്രസ്റ്റി ബോർഡിലെയും അംഗങ്ങൾക്കും മുൻ പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും അദ്ദേഹം നന്ദി അറിയിച്ചു.ഫൊക്കാനയിലെ 850 ഡെലിഗേറ്റ്സിന്റെയും പേര് തനിക്കാരോടും ചോദിക്കാതെ അറിയാമെന്നും അദ്ദേഹം അഭിമാനത്തോടെ സൂചിപ്പിച്ചു.

ഫൊക്കാനയോടുള്ള സ്നേഹംകൊണ്ട് 2013-ൽ ഒരു സാധാരണ പ്രവർത്തകനായി തുടക്കംകുറിക്കുകയും 2016-ൽ ഒരു നാഷണൽ കമ്മിറ്റി അംഗവും 2018-ൽ ട്രഷററും 2020-ൽ സെക്രട്ടറിയുമായി.ഫൊക്കാനയുടെ എല്ലാ ബോഡിയിലും ഒരു സാന്നിധ്യം അറിയിച്ച് പ്രവർത്തിച്ച് മനസ്സിലായതിനുശേഷം പ്രസിഡന്റായതാണ് തന്റെ നേട്ടമെന്ന് അദ്ദേഹം വിലയിരുത്തി. 2012 തൊട്ട് 2025 വരെ സാധാരണ ഒരു ജനറൽ ബോഡിയോ മിഡ് ടേം ജനറൽ ബോഡിയോ വിളിച്ചാൽ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗങ്ങൾപോലും എല്ലാവരും എത്തിയിരുന്നില്ല,ആ സ്ഥാനത്താണ് ഇന്ന് 200 -ൽ അധികം ആളുകൾ എത്തിച്ചേർന്നതെന്ന് സജിമോൻ ആന്റണി പറഞ്ഞതും ഏവരും കയ്യടിച്ചു. കാനഡയിൽ നിന്നും ചിക്കാഗോയിൽ നിന്നും വാഷിംഗ്ടൺ ഡിസിയിൽ നിന്നുമെല്ലാം ആളുകൾ എത്തിയിട്ടുണ്ട്. ആരോഗ്യപ്രശ്നങ്ങൾ ഉള്ളവരും സംഘടനയോടുള്ള സ്നേഹംകൊണ്ട് എത്തിച്ചേർന്നു. തന്റെ കമ്മിറ്റിയോട് പലരും റിപ്പീറ്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നെന്നും അതിൽ താല്പര്യമില്ലെന്നും അദ്ദേഹം തുറന്നുപറഞ്ഞു.

"1983ൽ തുടങ്ങിയ സംഘടന ഇന്ന് 42 വർഷം പിന്നിടുമ്പോൾ ഭാഷയ്ക്കൊരു ഡോളർ പോലെയുള്ള നല്ല പ്രൊജക്ടും ഒരു വാശിയേറിയ ഇലക്ഷനും പിന്നെ ഒരു വാശി കുറഞ്ഞ കേസും പിന്നെ കുറച്ചുനാൾ കേസ് ഇല്ലാതിരിക്കുകയും ഒരു കൺവെൻഷനും 75 പേര് വെച്ച് നടത്തിയ കൺവെൻഷനിൽ ഞാൻ പങ്കെടുത്തിട്ടുണ്ട്. 75 പേരായിരുന്നു ഉദ്ഘാടന ദിവസം കൺവൻഷനിൽ ഉണ്ടായിരുന്നത്. ആ ചരിത്രവും ഞാൻ കണ്ടതാണ്. നിങ്ങളിൽ പലരുടെയും പ്രായമില്ലെങ്കിലും ഞാൻ ഇതൊക്കെ ഒബ്സർവ്വ് ചെയ്തിട്ടുണ്ട്. പ്രവർത്തനങ്ങളുടെ ഒരു ഘോഷയാത്രയായിട്ടാണ് ഇന്ന് ഫൊക്കാന പൊയ്ക്കൊണ്ടിരിക്കുന്നത്. അതിനകത്ത് എ ടീമോ ബി ടീമോ അങ്ങനെയൊന്നുമില്ല, ജയിച്ച ടീമോ തോറ്റ ടീമോ ഒന്നുമില്ല. ഈ ഒരു കമ്മിറ്റി ചരിത്രത്തിൽ ആദ്യമായിട്ട് തോറ്റ എല്ലാവരെയും നെഞ്ചിൽ ചേർത്ത് കൊണ്ട് ആദ്യത്തെ ദിവസം തന്നെ ഒന്നിച്ച് പോകാനായിട്ട് തീരുമാനമെടുത്ത്, ചേർത്ത് പിടിച്ചപ്പോൾ ആ കാണിക്കുന്നത് സത്യമാണോ എന്ന് അവർപോലും പേടിച്ചിരിക്കാം. കാരണം സത്യം പറഞ്ഞാൽ ഒരിക്കലും മുൻപ് അവർ അങ്ങനെ കണ്ടിട്ടില്ലല്ലോ?

ഇനി നമുക്ക് 10 മാസമുണ്ട്. ആ 10 മാസങ്ങളിലേക്ക് നിങ്ങൾ പ്രവർത്തിക്കൂ. ഫൊക്കാന എന്ത് ചെയ്തു എന്നുചോദിച്ചാൽ ഫിസിക്കലി മെറ്റീരിയലി കാണിക്കാൻ കാശ് തിരിച്ച് ഇങ്ങോട്ട് കിട്ടുന്ന മെഡിക്കൽ കാർഡും പ്രിവിലേജ് കാർഡും ഉണ്ട്. എന്തുകൊണ്ട് നമുക്കൊരു പതിനായിരം കുടുംബങ്ങളിൽ ഈ കാർഡുകൾ എത്തിച്ചുകൂടാ? ഇതൊന്നും വെറുതെ ഉണ്ടാകുന്നതല്ല.ഞാനും എന്റെ കമ്മിറ്റിയും ചോരയും നീരുമൊഴുക്കിയാണ് അത് സാധ്യമാക്കിയത്.

കൊച്ചി രാജഗിരി, പാലാ മെഡ്സിറ്റി, കിംസ് ട്രിവാൻഡ്രം, ബേബി മെമ്മോറിയൽ കോഴിക്കോട്, ബിലീവേഴ്സ് തിരുവല്ല, കാരിത്താസ് കോട്ടയം അങ്ങനെ ആറ് ഹോസ്പിറ്റലാണ് അവിടെ അഞ്ചു മുതൽ 15% വരെ ഡിസ്കൗണ്ട് നാട്ടിലെ പ്രത്യേക സാഹചര്യത്തിൽ നമ്മൾ പോയി കഴിയുമ്പോൾ 50 പേർ അവിടെ ഇരിപ്പുണ്ടെങ്കിലും ഈ കാർഡുമായിട്ട് പോകുന്ന ആൾക്കാർക്ക് ഗ്രീൻ ചാനലിൽ കൂടെ നേരെ കേറി പോകാം. ചരിത്രത്തിൽ ആദ്യമായിട്ടാണ് കൊച്ചി ഇന്റർനാഷണൽ എയർപോർട്ടിലും തിരുവനന്തപുരം എയർപോർട്ടിലും പോയിട്ട് 10 തൊട്ട് 15% വരെ ഡിസ്കൗണ്ട് ലഭിക്കും.

നവംബർ 2025 സപ്ലിമെൻറ്



കേരള കൺവൻഷൻ ഭംഗിയാക്കിയ ജോയ് ഇട്ടാണ് ചേട്ടന് നന്ദി.മൂന്നു ദിവസം അടിച്ചുപൊളിച്ച് ഫൈവ് സ്റ്റാർ അല്ല സെവൻ സ്റ്റാർ ലെവലിൽ നമ്മൾ കൺവെൻഷൻ നടത്തി. 44 പേർ കാലില്ലാതെ വന്നു കാലുമായിപ്പോയി. 148 പിള്ളേര് നീന്തൽ അറിയാതെ വന്നു, നീന്തൽ പഠിച്ച് സർട്ടിഫിക്കറ്റ് നേടി. കേരളത്തിൽ ആദ്യമായാണ് ഒരു പ്രവാസി സംഘടന ഇങ്ങനെ ചെയ്യുന്നത്. 26 കുടുംബങ്ങളുടെ സർട്ടിഫിക്കറ്റ് പഠിച്ചുകഴിഞ്ഞിട്ട് ഫീസ് അടക്കാൻ ബാക്കിയുള്ളതിനെ തിരഞ്ഞു കണ്ടുപിടിച്ച് അവർക്കുവേണ്ട സഹായങ്ങൾ ചെയ്തു കൊടുത്തു. നമ്മൾ എല്ലാവരുടെയും കോൺട്രിബ്യൂഷൻ ആണ് അത്. അങ്ങനെയുള്ള നന്മമരങ്ങളുടെ കുറേ പരിപാടികളാണ് നമ്മൾ ചെയ്തത്, ജസ്റ്റ് അടിച്ചുപൊളി മാത്രമല്ല.

ഫൊക്കാന ഹെൽത്ത് ക്ലിനിക്കിനെ പറ്റി പറയുകയാണെങ്കിൽ ന്യൂജേഴ്സിയിലും ബോസ്റ്റണിലുമാണ് ആദ്യം തുടങ്ങുന്നത്. ഈ കമ്മിറ്റി നിങ്ങളുടെ എല്ലാവരുടെയും സഹകരണത്തോടുകൂടി ഫിലാഡൽഫിയയിലും ന്യൂയോർക്കിലും ചിക്കാഗോയിലുമെല്ലാം സാധാരണക്കാർക്കുള്ള ഡ്രീം പ്രൊജക്റ്റായി ഇത് മുന്നോട്ട് കൊണ്ടുപോകും." സജിമോൻ ആന്റണി വ്യക്തമാക്കി.ഇന്നത്തെ കാലത്ത് അമേരിക്കയിൽ മെൻസ് ഫോറം ഏറെ പ്രസക്തമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ട്രഷർ ജോയി ചാക്കപ്പൻ ഫൊക്കാനയിൽ ഇലക്ഷൻ വരുന്നതിന് സ്വാഗതം ചെയ്തു ഇലക്ഷൻ വന്നു കഴിഞ്ഞപ്പോൾ രണ്ട് ഗ്രൂപ്പായി തിരിയുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടെന്ന് വിമർശനം വന്നെങ്കിലും ഞങ്ങളെ സംബന്ധിച്ച് ഫൊക്കാന ഒന്നേയുള്ളൂ എന്നും ടീമിൽ നിന്ന് തന്നെ പലരും ഇലക്ഷനിലേക്ക് മത്സരിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഞങ്ങൾക്കു ഗ്രൂപ്പോ ടീം മോ ഇല്ല . ഫൊക്കാനയുടെ ഈ കൺവെൻഷനെ സഹായിക്കുന്നവരെ തിരിച്ചും സഹായിക്കുന്ന ഒരു സമീപനമാണ് തന്റേതെന്നും അദ്ദേഹം അഭിപ്രയപെട്ടു.

വൈസ് പ്രസിഡന്റ് വിപിൻ രാജ് , ജോയിന്റ് സെക്രെട്ടറി മനോജ് ഇടമന, അഡിഷണൽ ജോയിന്റ് സെക്രെട്ടറി അപ്പുകുട്ടൻ പിള്ളെ, ട്രസ്റ്റീ ബോർഡ് ബിജു ജോൺ എന്നിവർ സംസാരിച്ചു. എക്സി . വൈസ് പ്രസിഡന്റ് പ്രവീൺ തോമസ് പങ്കെടുത്ത ഏവർക്കും നന്ദി രേഖപ്പെടുത്തി.



SINCE 1907 FAMILIES HAVE COUNTED ON US TO HELP THEM THROUGH DIFFICULT TIMES,
AND WE HAVE ALWAYS BEEN THERE BY PROVIDING DIGNIFIED PERSONAL SERVICE.

WWW.PARKFUNERALCHAPELS.COM
GARDEN CITY PARK, NY 11040
T: (516) 747-4300

For magazine, online and newspaper advertising please contact

Paul Karukappillil
+1(845) 553-5671 (USA)
+918547730600 (India)

നവംബർ 2025 സപ്ലിമെൻറ്

നട്ട്സ് എങ്ങനെ കഴിക്കണം? ആരോഗ്യ വിദഗ്ധർ മുന്നറിയുപ്പുമായി



നട്ട്സുകൾ ആരോഗ്യകരമായ കൊഴുപ്പുകളും പ്രോട്ടീനും വൈറ്റമിനുകളും സമൃദ്ധമായി അടങ്ങിയ പോഷകഭണ്ഡാരമാണ്. എന്നാൽ ഇവ നേരിട്ട് കഴിക്കണോ, വറുത്ത് കഴിക്കണോ, അതോ വെള്ളത്തിൽ കുതിർത്ത് കഴിക്കണോ എന്നത് പലർക്കും യഥാർത്ഥത്തിൽ ആശയക്കുഴപ്പമാകാറുണ്ട്. വ്യത്യസ്ത രീതികൾ ആരോഗ്യത്തെ എങ്ങനെ ബാധിക്കുന്നു എന്നതിലേക്കാണ് വിദഗ്ധരുടെ ശ്രദ്ധ.

കടയിൽ നിന്ന് വാങ്ങുന്ന പച്ച നട്ട്സ് അതേപടി കഴിക്കുമ്പോൾ ചൂടേറ്റ് പോഷകഗുണങ്ങൾ നഷ്ടപ്പെടാത്തതിനാൽ വൈറ്റമിൻ ബി ഉൾപ്പെടെ നിരവധി പോഷകങ്ങൾ പൂർണ്ണമായി ലഭിക്കുന്നതാണ് പ്രധാന ഗുണം. ആന്റിഓക്സിഡൻറുകളുടെ അളവും ഇങ്ങനെ കഴിക്കുമ്പോൾ പരമാവധി നിലനിൽക്കും. എന്നാൽ പച്ച നട്ട്സുകളിൽ സാൽമൊണല്ല, ഇ-കോളി പോലുള്ള ബാക്ടീരിയകളുടെയും അഫ്ളോടോക്സിൻ പോലുള്ള വിഷാംശങ്ങളുടെയും ചെറിയ അംശം ഉണ്ടാകാനുള്ള സാധ്യത പൂർണ്ണമായി തള്ളിക്കളയാനാവില്ല. അതിനാൽ വിശ്വസ്തമായ ഉറവിടങ്ങളിൽ നിന്ന് മാത്രമാണ് ഇത്തരം നട്ട്സ് വാങ്ങേണ്ടത്. വാൾനട്ട്, ബ്രസീൽ നട്ട്സ്, മക്കാഡാമിയ നട്ട്സ് എന്നിവ നേരിട്ട് കഴിക്കാൻ ഏറ്റവും അനുയോജ്യമായവയായി പഠനങ്ങൾ സൂചിപ്പിക്കുന്നു.

കശുവണ്ടി പോലുള്ള ചില നട്ട്സുകൾ വെള്ളത്തിൽ കുതിർത്ത് കഴിക്കണമെന്ന് പൊതുവെ ശുപാർശ ചെയ്യപ്പെടുന്നു. കശുവണ്ടിയിൽ അടങ്ങിയ ഫൈറ്റിക് ആസിഡ് പോലുള്ള സംയുക്തങ്ങൾ പോഷകങ്ങൾ ശരീരത്തിലേക്ക് ആഗിരണം ചെയ്യുന്നത് തടയാമെന്നതിനാൽ കുതിർക്കുന്നതിലൂടെ ഈ ഘടകങ്ങൾ കുറയുകയും മഗ്നീഷ്യം, സിങ്ക് തുടങ്ങിയ ധാതുക്കളുടെ ലഭ്യത കൂടുകയും ചെയ്യും. കൂടാതെ ദഹനം എളുപ്പമാക്കുന്നതിലും കുതിർക്കൽ സഹായകമാണ്.

നട്ട്സ് ഉപയോഗത്തിൽ ശരിയായ രീതിയിലേക്ക് ശ്രദ്ധ തിരിക്കുമ്പോൾ പോഷകഗുണം മെച്ചപ്പെടുകയും ആരോഗ്യത്തിന് കൂടുതൽ ഗുണം ചെയ്യുകയും ചെയ്യുമെന്ന് വിദഗ്ധർ നടത്തിപ്പിക്കുന്ന പഠനങ്ങൾ വ്യക്തമാക്കുന്നു.

ദിവസവും പാൽ കുടിക്കുന്നതിന്റെ ഗുണങ്ങൾ: പഠനങ്ങൾ എന്ത് പറയുന്നു?



ആരോഗ്യത്തിന് പാൽ നല്ലതാണെന്ന് പൊതുവേ everyone അംഗീകരിക്കുന്ന കാര്യമാണ്. മലയാളികളുടെ ദിനചര്യയിലോൺ പാൽ ചേർത്ത ചായയും കാപ്പിയും അനിവാര്യ ഘടകങ്ങളാണ്. പനീർ, ചീസ്, ബട്ടർ, ഷേക്ക്, ഐസ്ക്രീം തുടങ്ങി നിരവധി രൂപങ്ങളിൽ പാൽ ദിവസവും നമ്മുടെ ഭക്ഷണത്തിൽ എത്തുന്നു. എന്നാൽ പാൽ സ്ഥിരമായി കുടിക്കുന്നതിലൂടെ ശരീരത്തിൽ എന്തൊക്കെ മാറ്റങ്ങൾ സംഭവിക്കുന്നുവെന്ന് അറിയേണ്ടതുണ്ട്.

പാലിൽ സമൃദ്ധമായി അടങ്ങിയിരിക്കുന്ന പ്രോട്ടീൻ, കാത്സ്യം, വൈറ്റമിൻ ഡി എന്നിവ എല്ലുകളും സന്ധികളും കൂടുതൽ ശക്തമാക്കുന്നു. പതിവായി പാൽ കുടിക്കുന്നത് ശരീരത്തിന് ആവശ്യമായ പോഷകങ്ങൾ നൽകുകയും അസ്ഥികളുടെ ആരോഗ്യം മെച്ചപ്പെടുത്തുകയും ചെയ്യുന്നുവെന്നതാണ് പഠനങ്ങളിലെ കണ്ടെത്തൽ.

ശരീരഭാരം നിയന്ത്രിക്കുന്നതിലും പാൽ നല്ല പങ്കുവഹിക്കുന്നു. പാലിലെ അന്നജം, പ്രോട്ടീൻ, കൊഴുപ്പ് എന്നിവയുടെ ശരിയായ അനുപാതം നീണ്ടുനിൽക്കുന്ന വയറുനിറവ് നൽകുന്നു. ബ്രാഞ്ച്ഡ് ചെയിൻ അമിനോ ആസിഡുകൾ (BCAA), കേസിൻ, വേയ് പ്രോട്ടീൻ തുടങ്ങിയ ഘടകങ്ങൾ മസിൽ മാസ് രൂപപ്പെടാനും താങ്ങിനിൽക്കാനും സഹായകമാണ്.

പതിവായി പാൽ കുടിക്കുന്നവർക്ക് ടൈപ്പ് 2 പ്രമേഹസാധ്യത കുറയുന്നതായി ചില പഠനങ്ങൾ സൂചിപ്പിക്കുന്നു. മധുരപാനീയങ്ങൾ ഒഴിവാക്കി പാൽ ഉപയോഗിക്കുന്നത് രക്തത്തിലെ പഞ്ചസാരയെ നിയന്ത്രണത്തിലാക്കാൻ സഹായിക്കുമെന്നും വിദഗ്ധർ പറയുന്നു.

